അബുൽഅഅ്ലാ മൗദൂദി

# ഖുർആൻ പഠനത്തിന് ഒരു മുഖവുര



# ഖുർആൻ പഠനത്തിന്
# ഒരു മുഖവുര

# ഖുർആൻ പഠനത്തിന് ഒരു മുഖവുര

അബുൽഅഅ്ലാ മൗദൂദി

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ, മലപ്പുറം

QUR'AN PATANATHINU ORU MUKHAVURA *(Malayalam)*
(Religion/Islam)
By ABUL A'LA MOUDOODI
Publishers:
**ISLAMIC PUBLISHING HOUSE**
P.O. Merikkunnu, Kozhikode- 673 012
Kerala State, India
E-mail : iphdir@gmail.com
Web : www.iphkerala.com
First Published : July 1984
Seventh Edition : August 2008
Cover : Nasar Eramangalam
Typesetting : I.P.H. DTP
Printers : Kairali, Calicut
Rights with the Publishers
Distribution:
I.P.H. Fourland Building, Rajaji Road, Kozhikode-4, E-mail : iphcalicut@dataone.in
I.P.H, M.P. Road, Kozhikode - 673 001
I.P.H, Islamic Centre, Market lane, Palayam, Thiruvananthapuram - 695 034
I.P.H, Madeena Masjid Complex, Padma Jn. Pullepady, Kochi - 35
I.P.H, I.P.H. Tower, P.O. Road, Thrissur-1
I.P.H, CE. 34/236, Opp. Noor Masjid, Kannur -1
I.P.H, Kunnumal, Malappuram- 676 505

**Price Rs : 18.00**

QPO Sub 20, SN 171/3000 TC 23000 ISBN 978-81-7204-422-9

# പ്രസ്താവന

•

അബുൽഅഅ്ലാ മൗദൂദിയുടെ വിശ്വവിഖ്യാത ഖുർആൻവ്യാഖ്യാനഗ്രന്ഥം *തഫ്ഹീമുൽ ഖുർആ*ന്റെ ആമുഖമാണിത്. രണ്ട് കാര്യങ്ങളാണ് ഇതെഴുതാൻ പ്രേരിപ്പിച്ചതെന്ന് മൗലാനാ വ്യക്തമാക്കിയിട്ടുണ്ട്.

ഒന്ന്, ഖുർആൻ പാരായണം ആരംഭിക്കുന്നതിനു മുമ്പ് സാമാന്യ വായനക്കാരൻ നല്ലപോലെ അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ ചൂണ്ടിക്കാട്ടുക; പഠനമാർഗം സുഗമവും സുകരവുമാകാൻ അവ അത്യാവശ്യമാണ്. അല്ലാത്തപക്ഷം പാരായണമധ്യേ ആ പ്രശ്നങ്ങൾ ഇടക്കിടെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുമെന്നു മാത്രമല്ല, പലപ്പോഴും അവ മനസ്സിലാകാത്തതുകൊണ്ടുമാത്രം ഖുർആനിക വിജ്ഞാനത്തിന്റെ ആഴങ്ങളിലിറങ്ങാൻ വഴി കാണാത്ത വായനക്കാരൻ വർഷങ്ങളോളം ഉപരിതലത്തിൽ കറങ്ങിത്തിരിയുകയും ചെയ്യും. രണ്ട്, ഖുർആൻ പഠനവേളയിൽ ജനഹൃദയങ്ങളിലുയർന്നുവരാറുള്ള ചില ചോദ്യങ്ങൾക്ക് ആദ്യമേ മറുപടി നൽകുക. ഇത്രയും പറഞ്ഞതിൽനിന്ന് ഖുർആൻ പഠനമധ്യേ വായനക്കാരന്റെ മനസ്സിലുദിക്കാവുന്ന മുഴുവൻ പ്രശ്നങ്ങളും ഇതിൽ പരാമർശിച്ചിട്ടുണ്ടെന്ന് ധരിക്കരുത്. വിശുദ്ധ ഖുർആനെ പൊതുവായി ബാധിക്കുന്ന സമഗ്രമായ പ്രശ്നങ്ങൾ മാത്രമേ ഇതിൽ കൈകാര്യം ചെയ്തിട്ടുള്ളൂ.

ഖുർആനെ സംബന്ധിച്ച് പൊതുവിൽ മനസ്സിലാക്കാനാഗ്രഹിക്കുന്ന എല്ലാവർക്കും ഒന്നുപോലെ ഈ ലഘുകൃതി ഉപകരിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

**- പ്രസാധകർ**

## അബുൽ അഅ്ലാ മൗദൂദി (1903–1979)

പണ്ഡിതൻ, പരിഷ്കർത്താവ്, ഗ്രന്ഥകാരൻ. 20-ാം നൂറ്റാണ്ടിന്റെ രണ്ടാം പാദം മുതൽ ഇസ്‌ലാമിക ലോകത്ത് അലയടിച്ചു തുടങ്ങിയ ഇസ്‌ലാമിക നവജാഗരണത്തിന്റെ പ്രധാന ശിൽപി. 1903 സെപ്തംബർ 25-ന് ഔറംഗാബാദിൽ ഒരു സയ്യിദ് കുടുംബത്തിൽ ജനനം. പിതാവ്: അഹ്മദ് ഹസൻ. മാതാവ്: റുഖിയാ ബീഗം. പിതാവിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം. 1914-ൽ മൗലവി പരീക്ഷ പാസായി. അറബി, ഇംഗ്ലീഷ്, പേർഷ്യൻ ഭാഷകളിൽ പ്രാവീണ്യമുണ്ടായിരുന്നു. മതം, തത്ത്വചിന്ത, സാമൂഹിക ശാസ്ത്രം, രാഷ്ട്രമീമാംസ തുടങ്ങിയ ഗഹനമായ വിഷയങ്ങളിൽ സ്വപരിശ്രമത്തിലൂടെ അവഗാഹം നേടി. 1918-ൽ *അൽ മദീന*, 1920-ൽ *താജ്*, 1925-ൽ *അൽജംഇയ്യത്* എന്നിവയിൽ പത്രാധിപരായി പ്രവർത്തിച്ചു. 1927-ൽ പ്രഥമകൃതി *അൽജിഹാദു ഫിൽ ഇസ്‌ലാം* രചിച്ചു. 1932-ൽ *തർജുമാനുൽ ഖുർആൻ* ആരംഭിച്ചു. 1941-ൽ ജമാഅത്തെ ഇസ്‌ലാമി രൂപവത്കരിച്ചു. 1953-ൽ ഖാദിയാനീ മസ്അലയുടെ പേരിൽ അറസ്റ്റ്, വധശിക്ഷാവിധി. മുസ്‌ലിം ലോകത്തിന്റെ പ്രതിഷേധത്തെതുടർന്ന് ജീവപര്യന്തം തടവാക്കി. 1955-ൽ ജയിൽ മോചിതനായി. 1972-ൽ *തഫ്ഹീമുൽ ഖുർആൻ* രചന പൂർത്തിയാക്കി. 1979-ൽ പ്രഥമ ഫൈസൽ അവാർഡ് നേടി. 120-ൽ പരം കനപ്പെട്ട ഗ്രന്ഥങ്ങൾ രചിച്ചു. 1979 സെപ്തംബർ 22-ന് മരണപ്പെട്ടു.

# താളുകളിൽ


നിസ്തുല ഗ്രന്ഥം 11

ചില പ്രാഥമിക യാഥാർഥ്യങ്ങൾ 12

എങ്ങനെയുള്ള ഗ്രന്ഥം? 13

ഖുർആന്റെ അടിസ്ഥാനം 14

പ്രതിപാദ്യവും പ്രമേയവും 17

മാലയിൽ കോർത്ത മുത്തുമണികൾ 18

അവതരണഘട്ടങ്ങൾ 18

പ്രബോധകഗ്രന്ഥം 23

ആവർത്തനം എന്തുകൊണ്ട്? 24

ക്രോഡീകരണം 25

ഗ്രന്ഥാവിഷ്കരണം 27

പഠനരീതി 30

സവിസ്തര പഠനം 31

പഠനം പ്രയോഗവത്കരണത്തിലൂടെ 32

മാനുഷ്യകത്തിന് മാർഗദർശകം 34

വിശദാംശങ്ങളുടെ ഗ്രന്ഥമല്ല 36

വ്യാഖ്യാനഭേദങ്ങൾ 37

# നിസ്തുല ഗ്രന്ഥം

പൊതുവെ നാം വായിച്ചു പരിചയിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ ഒരു നിർണിത വിഷയത്തെക്കുറിച്ച അറിവുകളും അഭിപ്രായങ്ങളും വാദങ്ങളും തെളിവുകളും ഗ്രന്ഥരചനാപരമായ സവിശേഷ ക്രമത്തിൽ തുടരെ വിവരിച്ചിരിക്കും. ഇക്കാരണത്താൽ, ഖുർആനെക്കുറിച്ച് അപരിചിതനായ ഒരാൾ ആദ്യമായി അത് വായിക്കാനുദ്യമിക്കുമ്പോൾ, സാധാരണ ഗ്രന്ഥങ്ങളുടെ സമ്പ്രദായം തന്നെയാണ് ഖുർആനിലും സ്വീകരിച്ചിരിക്കുന്നതെന്ന് സ്വാഭാവികമായും പ്രതീക്ഷിക്കും. അതായത്, ആദ്യമായി പ്രതിപാദ്യം, തുടർന്ന് മുഖ്യവിഷയം, ശേഷം വിവിധ അധ്യായങ്ങളും ഉപശീർഷകങ്ങളുമായി വിഭജിച്ച് യഥാക്രമം ഓരോ പ്രശ്നവും ചർച്ചചെയ്തിരിക്കുമെന്നും ബഹുമുഖ ജീവിതത്തിന്റെ ഓരോ വകുപ്പും ഓരോ മേഖലയും വേറിട്ടെടുത്ത് തൽസംബന്ധമായ നിയമ നിർദേശങ്ങളെല്ലാം ക്രമത്തിൽ പ്രതിപാദിച്ചിരിക്കുമെന്നും അയാൾ പ്രതീക്ഷിക്കും. പക്ഷേ, വായിച്ചുതുടങ്ങുമ്പോൾ ഇതിനെല്ലാം വിപരീതമായി, തനിക്ക് അന്യവും അപരിചിതവുമായ മറ്റൊരു രീതിയിലാണ് ഖുർആനെ അയാൾ കാണുന്നത്.

വിശ്വാസം സംബന്ധിച്ച കാര്യങ്ങൾ, ധാർമിക-സദാചാര നിർദേശങ്ങൾ, ശരീഅത് വിധികൾ, ആദർശപ്രബോധനം, സദുപദേശങ്ങൾ, ഗുണപാഠങ്ങൾ, ആക്ഷേപ-വിമർശനങ്ങൾ, താക്കീത്, ശുഭവൃത്താന്തം, സാന്ത്വനം, തെളിവുകൾ, സാക്ഷ്യങ്ങൾ, ചരിത്രകഥകൾ, പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളിലേക്കുള്ള സൂചനകൾ എന്നിവയെല്ലാം ഖുർആനിൽ ഇടവിട്ട്, മാറിമാറി വരുന്നു. ഒരേ വിഷയം ഭിന്നരീതികളിൽ, വ്യത്യസ്ത വാക്കുകളിൽ ആവർത്തിക്കപ്പെടുന്നു; വിഷയങ്ങൾ ഒന്നിനു ശേഷം മറ്റൊന്നും തുടർന്ന് മൂന്നാമതൊന്നും പൊടുന്നനെയാണ് ആരംഭിക്കുന്നത്. എന്നല്ല, ഒരു വിഷയത്തിനു മധ്യത്തിലൂടെ, പെട്ടെന്ന്, വേറെ വിഷയം കടന്നുവരുന്നു; സംബോധകനും സംബോധിതരും ഇടയ്ക്കിടെ മാറിക്കൊണ്ടിരിക്കുകയും സംഭാഷണമുഖം ഭിന്ന ഭാഗങ്ങളിലേക്കു തിരിയുകയും ചെയ്യുന്നു; വിഷയാധിഷ്ഠിതമായുള്ള അധ്യായങ്ങളുടെയും ശീർഷകങ്ങളുടെയും അടയാളം പോലും ഒരിടത്തും കാണാനില്ല.

ചരിത്രമാണ് വിവരിക്കുന്നതെങ്കിൽ ചരിത്രാഖ്യാനരീതിയിലല്ല; തത്ത്വ ശാസ്ത്രമോ ദൈവശാസ്ത്രമോ ആണ് പ്രതിപാദ്യമെങ്കിൽ പ്രകൃത ശാസ്ത്ര ങ്ങളുടെ ഭാഷയിലല്ല; മനുഷ്യനെയും ഇതര സൃഷ്ടിജാലങ്ങളെയും കുറിച്ച പരാമർശം പദാർഥ- ശാസ്ത്ര വിവരണരീതിയിലോ, നാഗരിക-രാഷ്ട്രീയ-സാമ്പത്തിക-സാമൂഹിക കാര്യങ്ങളുടെ പ്രതിപാദനം സാമൂഹിക വിജ്ഞാ നീയങ്ങൾ പ്രതിപാദിക്കുന്ന വിധത്തിലോ അല്ല. നിയമവിധികളും നിയമ ങ്ങളുടെ മൗലികതത്ത്വങ്ങളും കൈകാര്യം ചെയ്തിരിക്കുന്നത് നിയമപണ്ഡി തന്മാരുടെതിൽനിന്ന് തീരെ ഭിന്നമായ ശൈലിയിലാണ്. ധർമശാസ്ത്രഗ്രന്ഥ ങ്ങളിൽനിന്ന് വ്യതിരിക്തമായ വിധത്തിലത്രേ ധാർമിക ശിക്ഷണങ്ങൾ പ്രകാശനം ചെയ്തിരിക്കുന്നത്.

ചിരപരിചിതമായ 'ഗ്രന്ഥസങ്കൽപ'ത്തിനു വിപരീതമായി ഇതെല്ലാം കാണുമ്പോൾ അനുവാചകൻ അമ്പരന്നുപോകുന്നു. ക്രമാനുസൃതം ക്രോഡീ കരിക്കപ്പെടാത്ത ശിഥില ശകലങ്ങളുടെ സമാഹാരമാണിതെന്നും, ചെറുതും വലുതുമായി ഒട്ടനേകം ഭിന്ന വിഷയങ്ങളടങ്ങിയ ഈ കൃതി ആദ്യവസാനം അന്യോന്യബന്ധമില്ലാത്ത വാചകങ്ങൾ തുടരെ എഴുതപ്പെട്ടത് മാത്രമാ ണെന്നും അയാൾ ധരിക്കുന്നു. പ്രതികൂല വീക്ഷണകോണിൽനിന്നു നോക്കു ന്നവർ ഇതേ അടിത്തറയിൽ പല വിമർശങ്ങളും സംശയങ്ങളും പ്രകടിപ്പി ക്കുന്നു. അനുകൂല വീക്ഷണഗതിക്കാരാകട്ടെ, സംശയനിവൃത്തിക്ക് കുറു ക്കുവഴികളാരായുന്നു. പ്രത്യക്ഷത്തിൽ കാണുന്ന 'ക്രമരാഹിത്യ'ത്തിനു വളഞ്ഞ വ്യാഖ്യാനങ്ങൾ നൽകി തൃപ്തിയടയുന്നു, ചിലപ്പോൾ. വേറെചില പ്പോൾ കൃത്രിമമാർഗേണ വാക്യങ്ങൾക്ക് പരസ്പരബന്ധം സ്ഥാപിച്ച് വിചിത്ര നിഗമനങ്ങളിലെത്തിച്ചേരുന്നു. ചിലപ്പോൾ ഈ 'ശാകലികത്വം' ഒരു സിദ്ധാ ന്തമായിത്തന്നെ അവർ സ്വീകരിക്കുകയും ചെയ്യുന്നു. ഫലമോ? ഓരോ സൂക്തവും അതിനുമുമ്പും പിമ്പുമുള്ള സൂക്തങ്ങളുമായി ബന്ധമറ്റ്, രചയി താവിന്റെ ഉദ്ദേശ്യത്തിനു വിപരീതമായ അർഥകൽപനകൾക്കിരയായി ഭവിക്കുന്നു!

## ചില പ്രാഥമിക യാഥാർഥ്യങ്ങൾ

ഒരു ഗ്രന്ഥം നല്ലപോലെ ഗ്രഹിക്കാൻ അതിന്റെ പ്രമേയവും പ്രതി പാദ്യവും ഉദ്ദേശ്യ-ലക്ഷ്യങ്ങളും അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്. ആ ഗ്രന്ഥ ത്തിന്റെ പ്രതിപാദനരീതി, സാങ്കേതികഭാഷ, സവിശേഷമായ ആവിഷ്കാര ശൈലി എന്നിവയെക്കുറിച്ചും അറിവുണ്ടായിരിക്കണം. പ്രത്യക്ഷവാക്യ ങ്ങൾക്കു പിന്നിലായി, അതിലെ പ്രതിപാദനങ്ങൾ ബന്ധപ്പെട്ടിരിക്കുന്ന സംഭവങ്ങളും സാഹചര്യങ്ങളും ദൃഷ്ടിയിലുണ്ടാകണം. സാധാരണ നാം വായിച്ചുവരാറുള്ള ഗ്രന്ഥങ്ങളിൽ ഈ വസ്തുതകളെല്ലാം അയത്ന ലഭ്യമാ യതുകൊണ്ട് പ്രതിപാദ്യവിഷയത്തിന്റെ ആഴത്തിലിറങ്ങിച്ചെല്ലാൻ വിശേഷി ച്ചൊരു വിഷമവും ആരും നേരിടാറില്ല. എന്നാൽ, ഇതര കൃതികളിൽ കണ്ടു പരിചയിച്ച വിധത്തിൽ ഇവയൊന്നും വിശുദ്ധഖുർആനിൽ അനായാസം

കണ്ടെത്താനാവില്ലെന്നതാണ് പരമാർഥം.

ശരാശരി വായനക്കാരന്റെ മനസ്സോടെ ഖുർആൻ പാരായണം ആരംഭിക്കുന്ന ഒരാൾക്ക് ആ ഗ്രന്ഥത്തിന്റെ പ്രമേയവും പ്രതിപാദ്യവും ഉദ്ദേശ്യലക്ഷ്യങ്ങളും കണ്ടെത്താൻ കഴിയുന്നില്ല; പ്രതിപാദനരീതിയും ആവിഷ്കരണശൈലിയും ഏറക്കുറെ അപരിചിതമായും തോന്നുന്നു. മിക്ക സ്ഥലങ്ങളിലും വാക്യങ്ങളുടെ പശ്ചാത്തലം അവ്യക്തവുമാണ്. നാനാ സൂക്തങ്ങളിൽ ചിതറിപ്പരന്ന സാര-സത്യങ്ങൾ ഏതാണ്ടൊക്കെ ആസ്വദിക്കുന്നുവെങ്കിലും ദിവ്യവചനങ്ങളുടെ സാക്ഷാൽ ചൈതന്യം നുകരുന്നതിൽ അനുവാചകൻ പരാജയപ്പെടുന്നു എന്നതാണിതിന്റെ ഫലം. ശരിയായ ഗ്രന്ഥപരിജ്ഞാനം നേടാൻ കഴിയാതെ, ഗ്രന്ഥത്തിലങ്ങിങ്ങു ചിതറിക്കിടന്ന ഏതാനും തത്ത്വരത്നങ്ങൾകൊണ്ട് അയാൾക്ക് തൃപ്തിയടയേണ്ടിവരുന്നു.

ഖുർആനെ സംബന്ധിച്ച് സംശയഗ്രസ്തരായിത്തീരുന്ന പലർക്കും, ഈ ഗ്രന്ഥത്തിന്റെ പഠനത്തിന് അവശ്യം ആവശ്യമായ പ്രാഥമിക കാര്യങ്ങളറിയാത്തതാണ് അവരുടെ മാർഗഭ്രംശത്തിന്റെ മുഖ്യകാരണങ്ങളിലൊന്ന്. ഇങ്ങനെയുള്ള വായനക്കാർ ഖുർആന്റെ താളുകളിൽ ഭിന്നവിഷയങ്ങൾ അവിടവിടെ ചിതറിക്കിടക്കുന്നത് കാണുമെന്നല്ലാതെ, നിരവധി സൂക്തങ്ങളുടെ ഉദ്ദേശ്യം അവരെ സംബന്ധിച്ചേടത്തോളം അവ്യക്തമാകുന്നു; അനേകം വാക്യങ്ങളിൽ മുത്തുമണികളുടെ വെട്ടിത്തിളക്കം ദൃശ്യമാണെങ്കിലും വാചകഘടനയിൽ അവ തീരെ ചേർച്ചയില്ലാതെ തോന്നുന്നു; പ്രതിപാദനരീതിയും ഭാഷാശൈലിയും വശമില്ലാത്തതിനാൽ ഒട്ടനേകം സ്ഥലങ്ങളിൽ സാക്ഷാലുദ്ദേശ്യത്തിൽനിന്ന് എങ്ങോ വഴുതിപ്പോവുകയും, പശ്ചാത്തല പരിജ്ഞാനം ഇല്ലായ്ക മൂലം പലേടത്തും ഗുരുതരമായ തെറ്റുധാരണകൾക്ക് വശംവദരായിത്തീരുകയും ചെയ്യുന്നു.

## എങ്ങനെയുള്ള ഗ്രന്ഥം?

എന്താണ് ഖുർആൻ? അതിന്റെ അവതരണവും ക്രോഡീകരണവും എവ്വിധം? അതിന്റെ പ്രതിപാദ്യം എന്ത്? എല്ലാ ചർച്ചകളും ഏതു ലക്ഷ്യത്തിലേക്ക് നയിക്കുന്നു? വൈവിധ്യമാർന്ന അനേകം വിഷയങ്ങൾ ഏതൊരു കേന്ദ്രവിഷയവുമായി ബന്ധിച്ചിരിക്കുന്നു? ആശയപ്രകാശനത്തിന് ഏത് ശൈലിയും സമർഥനരീതിയുമാണ് സ്വീകരിച്ചിട്ടുള്ളത്? ഇതുപോലുള്ള നിരവധി സുപ്രധാന ചോദ്യങ്ങൾക്ക് തുടക്കത്തിൽത്തന്നെ വ്യക്തവും വളച്ചുകെട്ടില്ലാത്തതുമായ മറുപടി ലഭിക്കുന്നപക്ഷം വായനക്കാരന് അനേകം അപകടങ്ങളിൽനിന്ന് രക്ഷപ്പെടാവുന്നതാണ്. അയാളുടെ പഠന-പരിചിന്തന സരണി തുറസ്സായിത്തീരുകയും ചെയ്യും.

എന്നാൽ 'മതപരമായൊരു ഗ്രന്ഥം' എന്ന സങ്കൽപത്തോടെ വായന ആരംഭിക്കുന്ന ഒരാളുടെ മനസ്സിൽ 'മത'ത്തിന്റെയും 'ഗ്രന്ഥ'ത്തിന്റെയും പൊതു സങ്കൽപം നിലനിൽക്കും. പക്ഷേ ആ സാങ്കൽപികചിത്രത്തിന് പാടെ വിപരീതമായ വസ്തുതയെ അഭിമുഖീകരിക്കുമ്പോൾ അതുമായി

പൊരുത്തപ്പെടാൻ കഴിയാതെ ഏതോ അപരിചിത മഹാനഗരത്തിന്റെ ഇട വഴിയിൽപ്പെട്ട പരദേശിയെപ്പോലെ വഴിതെറ്റി, വിഷയതന്തു കിട്ടാതെ വരി കൾക്കിടയിൽ ഉഴലുകയും ചെയ്യുന്നു. വിശ്വസാഹിത്യത്തിൽത്തന്നെ മാതൃക യില്ലാത്ത, സവിശേഷമായൊരു ഗ്രന്ഥമാണ് താൻ വായിക്കാൻ പോകുന്ന തെന്ന യാഥാർഥ്യം നേരത്തേ ധരിപ്പിച്ചിരുന്നുവെങ്കിൽ ഈ പ്രയാസത്തിൽ നിന്ന് വായനക്കാരനെ രക്ഷിക്കാമായിരുന്നു.

അതെ, ലോകത്തെ മറ്റെല്ലാ ഗ്രന്ഥങ്ങളിൽനിന്നും ഭിന്നമായ സവിശേഷ രീതിയിലാണ് ഖുർആൻ ക്രോഡീകൃതമായിട്ടുള്ളത്. പ്രതിപാദനം, ഉള്ളടക്കം, രചന എന്നിതുകളിലെല്ലാം അത് നിസ്തുലമാണ്. നാളിതുവരെയുള്ള ഗ്രന്ഥ പരിചയത്തിൽനിന്ന് മനസ്സിൽ പതിഞ്ഞിരിക്കുന്ന 'പുസ്തക സങ്കൽപം' ഈ ഗ്രന്ഥത്തെ മനസ്സിലാക്കാൻ സഹായകമല്ലെന്ന് മാത്രമല്ല, ഒട്ടേറെ പ്രതിബ ന്ധമായിരിക്കുകയും ചെയ്യും. ഈ ഗ്രന്ഥം മനസ്സിലാക്കണമെന്നുണ്ടെങ്കിൽ നേരത്തെ രൂപീകരിച്ചുവച്ച സങ്കൽപങ്ങൾ എടുത്തുമാറ്റി, ഇതിന്റേതായ അദ്ഭുതസവിശേഷതകൾ മനസ്സിലാക്കുവാൻ ശ്രമിക്കേണ്ടതാണ്.

## ഖുർആന്റെ അടിസ്ഥാനം

ഈ വിഷയകമായി, വായനക്കാരൻ ഏറ്റവും മുമ്പേ ഖുർആന്റെ അന്ത സ്സത്ത-അതു സമർപ്പിക്കുന്ന അടിസ്ഥാന ആദർശം- അറിഞ്ഞിരിക്കേണ്ടതാ വശ്യമാണ്. അയാളത് അംഗീകരിക്കട്ടെ, അംഗീകരിക്കാതിരിക്കട്ടെ. ഏതു നിലക്കും, ഈ ഗ്രന്ഥം മനസ്സിലാക്കണമെന്നുണ്ടെങ്കിൽ പ്രാരംഭബിന്ദു എന്ന നിലയിൽ ഖുർആനും അതിന്റെ പ്രബോധകനായ മുഹമ്മദ്നബിയും വിവരി ച്ചിരിക്കുന്ന അടിസ്ഥാനംതന്നെ അറിഞ്ഞിരിക്കേണ്ടതാണ്.

1. അഖില പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നിയന്താവും ഉടമസ്ഥനും വിധി കർത്താവുമായ ഏകദൈവം തന്റെ അനന്തവിസ്തൃത സാമ്രാജ്യത്തിന്റെ ഒരു ഭാഗമായ ഭൂതലത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. അവന് അറിയാനും ചിന്തിക്കാനും ഗ്രഹിക്കാനുമുള്ള കഴിവുകൾ പ്രദാനംചെയ്തു. നന്മ-തിന്മകൾ വിവേചിച്ചറിയാനുള്ള യോഗ്യത നൽകി. ഇച്ഛാസ്വാതന്ത്ര്യവും വിവേചന സ്വാതന്ത്ര്യവും കൈകാര്യാധികാരങ്ങളും നൽകി. അങ്ങനെ, മൊത്തത്തിൽ ഒരുവിധത്തിലുള്ള സ്വയംഭരണം (Autonomy) നൽകി അവനെ ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയായി നിയോഗിച്ചു.

2. ഈ സമുന്നതപദവിയിൽ മനുഷ്യരെ നിയോഗിക്കുമ്പോൾ ദൈവം ഒരുകാര്യം അവരെ നല്ലപോലെ ധരിപ്പിച്ചിട്ടുണ്ടായിരുന്നു; അതിതാണ്:

നിങ്ങളുടെയും നിങ്ങളുൾക്കൊള്ളുന്ന സമസ്ത ലോകത്തിന്റെയും ഉടമ സ്ഥനും ആരാധ്യനും ഭരണാധിപനും ഞാനാകുന്നു. എന്റെ ഈ സാമ്രാജ്യ ത്തിൽ നിങ്ങൾ സ്വാധികാരികളല്ല; ഞാനല്ലാത്ത ആരുടെയും അടിമകളു മല്ല. നിങ്ങളുടെ ആരാധനക്കും അനുസരണത്തിനും അടിമത്തത്തിനും അർഹനായി ഞാൻ മാത്രമേയുള്ളൂ. നിങ്ങളെ സ്വാതന്ത്ര്യവും സ്വയംഭരണാ ധികാരവും നൽകി നിയോഗിച്ചിരിക്കുന്ന ഈ ഭൂതലത്തിലെ ജീവിതം

നിങ്ങൾക്കൊരു പരീക്ഷണമാണ്. ഇതിനുശേഷം, നിങ്ങൾ എന്റെ സവിധത്തിൽ മടങ്ങിവരേണ്ടതുണ്ട്. നിങ്ങളുടെ പ്രവർത്തനങ്ങൾ കണിശമായി പരിശോധിച്ച്, ആർ പരീക്ഷയിൽ വിജയംവരിച്ചുവെന്നും ആരെല്ലാം പരാജിതരായെന്നും അപ്പോൾ ഞാൻ വിധികൽപിക്കും. നിങ്ങളെ സംബന്ധിച്ചിടത്തോളം, അതിനാൽ, ശരിയായ കർമനയം ഒന്നുമാത്രമേയുള്ളൂ; എന്നെ നിങ്ങളുടെ ഒരേയൊരു ആരാധ്യനും വിധികർത്താവും ആയി അംഗീകരിക്കുക; ഞാൻ നൽകുന്ന സാന്മാർഗിക നിർദേശമനുസരിച്ച് മാത്രം പ്രവർത്തിക്കുക; നശ്വരമായ ഐഹികജീവിതം പരീക്ഷണാലയമാണെന്നറിഞ്ഞുകൊണ്ട് പാരത്രിക ജീവിതത്തിൽ വിജയികളാവുകയാണ് നിങ്ങളുടെ സാക്ഷാൽ ലക്ഷ്യമെന്ന ബോധത്തോടുകൂടി ജീവിതം നയിക്കുക. ഈ നയമാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ (അതു തെരഞ്ഞെടുക്കാൻ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്) ഇഹലോകത്ത് നിങ്ങൾക്ക് സമാധാനവും സംതൃപ്തിയും ലഭിക്കും; എന്റെയടുത്ത് തിരിച്ചുവരുമ്പോൾ, അനശ്വര സുഖാനന്ദത്തിന്റെ ഗേഹമായ സ്വർഗലോകം ഞാൻ നിങ്ങൾക്ക് നൽകുകയും ചെയ്യും. ഇതിനു വിപരീതമായുള്ള ഏതൊരു ജീവിതനയവും നിങ്ങളെ സംബന്ധിച്ചിടത്തോളം അബദ്ധം മാത്രമാണ്. അതാണ് സ്വീകരിക്കുന്നതെങ്കിൽ (അതിനും നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്) ഇഹലോകത്ത് നിങ്ങൾക്ക് നാശവും അസ്വാസ്ഥ്യവും അനുഭവിക്കേണ്ടിവരും; ഐഹികലോകം പിന്നിട്ട് പാരത്രികലോകത്ത് എത്തുമ്പോഴാകട്ടെ ശാശ്വതമായ ദുഃഖങ്ങളുടെയും ദുരിതങ്ങളുടെയും ഗർത്തമായ നരകത്തിൽ തള്ളപ്പെടുകയുംചെയ്യും.

3. ഈ വസ്തുതകൾ വേണ്ടപോലെ ബോധ്യപ്പെടുത്തിയാണ്, പ്രപഞ്ചനാഥൻ മനുഷ്യവർഗത്തിന് ഭൂമിയിൽ സ്ഥാനം നൽകിയത്. ആദിമ ദമ്പതികൾ(ആദം, ഹവ്വ)ക്ക് ഭൂമിയിൽ തങ്ങളുടെ സന്തതികൾ പ്രവർത്തിക്കേണ്ടതിനാധാരമായ മാർഗനിർദേശവും നൽകുകയുണ്ടായി. ഈ ആദിമമനുഷ്യർ അജ്ഞതയിലും അന്ധകാരത്തിലുമല്ല ഭൂജാതരായിരുന്നത്. പ്രത്യുത, പൂർണമായ പ്രകാശത്തിലാണ് ദൈവം ഭൂമിയിൽ അവരുടെ അധിവാസത്തിനാരംഭം കുറിച്ചത്. യാഥാർഥ്യത്തെക്കുറിച്ച് തികച്ചും ബോധവാന്മാരായിരുന്നു അവർ. അവരുടെ ജീവിതനിയമം അവർക്കറിയിച്ചുകൊടുത്തിരുന്നു. ദൈവികാനുസരണം (ഇസ്‌ലാം) ആയിരുന്നു അവരുടെ ജീവിതമാർഗം. ഇതേ കാര്യം, ദൈവത്തിന്റെ ആജ്ഞാനുവർത്തികളായി-മുസ്‌ലിംകളായി-ജീവിക്കണമെന്ന വസ്തുത അവർ സ്വസന്താനങ്ങളെ പഠിപ്പിക്കുകയും ചെയ്തു.

എന്നാൽ, പിന്നീടുള്ള നൂറ്റാണ്ടുകളിൽ മനുഷ്യർ ഈ ശരിയായ ജീവിതപഥ(ദീൻ)ത്തിൽനിന്ന് വ്യതിചലിച്ച് നാനാവിധമായ അബദ്ധനയങ്ങൾ അവലംബിക്കുകയുണ്ടായി. അശ്രദ്ധയാൽ അവർ അതിനെ വിനഷ്ടമാക്കുകയും അലങ്കോലപ്പെടുത്തുകയും ചെയ്തു. ഏകനായ ദൈവത്തിന് പങ്കാളികളെ കൽപിച്ചു; മനുഷ്യരും മനുഷ്യേതരരുമായ, ഭൗതികവും ഭാവനാപരവുമായ, ആകാശ-ഭൂമികളിലെ അനേകമനേകം അസ്തിത്വങ്ങളിൽ അവർ ദിവ്യത്വം ആരോപിച്ചു. ദൈവദത്തമായ യാഥാർഥ്യജ്ഞാനത്തിൽ (അൽഇൽമ്) അവർ

പലതരം ഊഹ-അനുമാനങ്ങളും തത്ത്വശാസ്ത്രങ്ങളും ആദർശ-സിദ്ധാന്തങ്ങളും കലർത്തി, അസംഖ്യം മതങ്ങൾ പടച്ചുവിട്ടു. ദൈവം നിർദേശിച്ചുതന്ന നീതിനിഷ്ഠമായ ധാർമിക-നാഗരിക നിയമങ്ങളെ (ശരീഅത്ത്) പരിവർജിച്ചുകൊണ്ടോ വികൃതമാക്കിക്കൊണ്ടോ സ്വേച്ഛകൾക്കും സ്വാർഥത്തിനും പക്ഷപാതങ്ങൾക്കും അനുസൃതമായുള്ള ജീവിതനിയമങ്ങൾ കെട്ടിച്ചമച്ചു. തദ്ഫലമായി ദൈവത്തിന്റെ ഭൂമിയിൽ അക്രമവും അനീതിയും നടമാടി.

4. ദൈവം മനുഷ്യന് പരിമിതമായ സ്വാധികാരം നൽകിയിരുന്നതിന്റെ വെളിച്ചത്തിൽ, വഴിതെറ്റിയ മനുഷ്യരെ തന്റെ പ്രകൃത്യതീത ഇടപെടൽവഴി സത്യപഥത്തിലേക്ക് ബലാൽക്കാരം തിരിച്ചുകൊണ്ടുവരിക ഉചിതമായിരുന്നില്ല. മനുഷ്യവർഗത്തിന്-അവരിലുള്ള വിവിധ ജനസമുദായങ്ങൾക്ക്-ഭൂലോകത്ത് പ്രവർത്തിക്കാൻ അവധി നിശ്ചയിച്ചിരുന്നത് പരിഗണിക്കുമ്പോൾ, ദൈവധിക്കാരം പ്രകടമായ ഉടനെ മനുഷ്യരെ നശിപ്പിച്ചുകളയുക എന്നതും ശരിയായിരുന്നില്ല. ഇതെല്ലാം പരിഗണിച്ചുകൊണ്ട്, മനുഷ്യാരംഭം മുതൽക്കേ ദൈവം ഏറ്റെടുത്ത ബാധ്യത, മനുഷ്യന്റെ സ്വാധികാരം നിലനിർത്തിക്കൊണ്ടുതന്നെ അവരുടെ മാർഗദർശനത്തിന് ഏർപ്പാട് ചെയ്തുകൊണ്ടിരിക്കുക എന്നതായിരുന്നു. ദൈവം സ്വയം ഏറ്റെടുത്ത ഈ ബാധ്യതയുടെ നിർവഹണത്തിനായി അവനിൽ വിശ്വസിക്കുന്നവരും അവന്റെ പ്രീതിയെ പിൻതുടരുന്നവരുമായ ഉത്തമ മനുഷ്യരെത്തന്നെ ദൈവം ഉപയോഗപ്പെടുത്തി. അവരെ തന്റെ പ്രതിനിധികളായി നിശ്ചയിച്ചു; തന്റെ സന്ദേശങ്ങൾ അവർക്കയച്ചുകൊടുത്തു. അവർക്ക് യാഥാർഥ്യജ്ഞാനം നൽകി; ശരിയായ ജീവിതനിയമം പഠിപ്പിച്ചു. ഏതൊരു സൻമാർഗത്തിൽനിന്ന് മാനവകുലം വ്യതിചലിച്ചുവോ അതിലേക്ക് വീണ്ടും അവരെ ക്ഷണിക്കാൻ ആ മഹാത്മാക്കളെ നിയോഗിക്കുകയും ചെയ്തു.

5. ഇങ്ങനെയുള്ള പ്രവാചകന്മാർ വിവിധ രാജ്യങ്ങളിലും ജനസമുദായങ്ങളിലും ആഗതരായിക്കൊണ്ടിരുന്നു. അവരുടെ ആഗമനത്തിന്റെ സുവർണ ശൃംഖല സഹസ്രാബ്ദങ്ങളോളം തുടർന്നു. അങ്ങനെ, ആയിരമായിരം പ്രവാചകന്മാർ നിയോഗിതരായി. അവരുടെയെല്ലാം 'ദീൻ' ഒന്നുതന്നെയായിരുന്നു—പ്രഥമ ദിവസംതൊട്ട് മനുഷ്യനറിയിക്കപ്പെട്ടിരുന്ന ശരിയായ ജീവിതനയം തന്നെ. അവരെല്ലാം ഒരേ സന്മാർഗത്തെ—പ്രാരംഭത്തിൽ മനുഷ്യന് നിർദേശിച്ചുകൊടുത്തിരുന്ന ശാശ്വതമായ ധാർമിക—നാഗരിക തത്ത്വങ്ങളെ—പിൻപറ്റിയവരായിരുന്നു. അവരുടെയെല്ലാം ദൗത്യവും ഒന്നുതന്നെയായിരുന്നു. അതെ, സത്യദീനിലേക്കും സൻമാർഗത്തിലേക്കും സമസൃഷ്ടികളെ ക്ഷണിക്കുക, ഈ ക്ഷണം സ്വീകരിച്ച് മുന്നോട്ട് വരുന്നവരെ സംഘടിപ്പിക്കുക, അവരെ ദൈവികനിയമത്തിന് വിധേയരും ലോകത്ത് ദൈവികനിയമത്തിന് വിധേയമായി ഒരു സാമൂഹികവ്യവസ്ഥ സ്ഥാപിക്കാൻ ശ്രമിക്കുന്നവരും ദൈവികനിയമത്തിന്റെ ലംഘനത്തെ തടയാൻ സദാ സന്നദ്ധരുമായ ഒരു സമുദായമായി വാർത്തെടുക്കുക. പ്രവാചകന്മാർ അവരവരുടെ കാല-ദേശങ്ങളിൽ ഈ മഹത്തായ ദൗത്യം ഏറ്റവും ഭംഗിയായി

നിറവേറ്റിപ്പോന്നു. പക്ഷേ, സംഭവിച്ചത് എല്ലായ്പ്പോഴും മറ്റൊന്നായിരുന്നു. മനുഷ്യരിൽ വലിയൊരു വിഭാഗം പ്രവാചകപ്രബോധനം കൈക്കൊള്ളാൻ മുന്നോട്ടുവന്നതേയില്ല; അത് കൈയേറ്റ് ഇസ്‌ലാമികസമുദായം എന്ന നിലപാട് അംഗീകരിച്ചവർതന്നെ കാലാന്തരത്തിൽ സത്യപഥത്തിൽനിന്ന് വ്യതിചലിച്ചുപോവുകയും ചെയ്തു. അവരിൽ ചില ജനവിഭാഗങ്ങൾ ദൈവികസന്മാർഗത്തെ തീരെ കളഞ്ഞുകുളിച്ചപ്പോൾ വേറെ ചിലർ ദൈവികനിർദേശങ്ങളെ മാറ്റിമറിക്കുകയും സ്വയംകൃതാദർശങ്ങളുടെ സങ്കലനംകൊണ്ട് അതിനെ വികൃതമാക്കുകയും ചെയ്തു.

6. അവസാനമായി, പൂർവപ്രവാചകന്മാർ നിർവഹിച്ചുപോന്നിരുന്ന അതേ ദൗത്യനിർവഹണത്തിനായി മുഹമ്മദ് നബിയെ അറേബ്യയിൽ നിയോഗിച്ചു. തിരുമേനിയുടെ സംബോധന പൂർവപ്രവാചകന്മാരുടെ വഴിപിഴച്ച അനുയായികളോടും മനുഷ്യവർഗത്തോട് പൊതുവിലുമായിരുന്നു. അവരെയെല്ലാം ശരിയായ ജീവിതനയത്തിലേക്ക് ക്ഷണിക്കുക, അവർക്കെല്ലാം വീണ്ടും ദൈവികസന്മാർഗനിർദേശം എത്തിച്ചുകൊടുക്കുക, ആ ബോധനവും മാർഗദർശനവും അംഗീകരിക്കുന്നവരെ ഒരു സംഘടിതസമൂഹമായി വാർത്തെടുക്കുക-ഇതായിരുന്നു അവിടത്തെ ദൗത്യം. ഈ നവസമൂഹം സ്വന്തം ജീവിതവ്യവസ്ഥ ദൈവികസന്മാർഗത്തിൽ കെട്ടിപ്പടുക്കാനും അതേ മാർഗമവലംബിച്ച് ലോകസംസ്കരണത്തിന് പ്രയത്നിക്കാനും ബാധ്യസ്ഥമായിരുന്നു. ഈ പ്രബോധനത്തിന്റെയും മാർഗദർശനത്തിന്റെയും ആധാരഗ്രന്ഥമത്രെ ഖുർആൻ; മുഹമ്മദ് നബിക്ക് അല്ലാഹു അവതരിപ്പിച്ച വിശുദ്ധ ഖുർആൻ.

## പ്രതിപാദ്യവും പ്രമേയവും

ഖുർആന്റെ ഈ മൗലികസ്വഭാവം മനസ്സിലായിക്കഴിഞ്ഞാൽ അതിന്റെ പ്രതിപാദ്യവും കേന്ദ്രവിഷയവും ഉദ്ദേശ്യ ലക്ഷ്യങ്ങളും മനസ്സിലാക്കുക എളുപ്പമാണ്.

ഖുർആന്റെ പ്രതിപാദ്യം മനുഷ്യനാണ്. അവന്റെ ജയപരാജയങ്ങൾ ഏതിൽ സ്ഥിതിചെയ്യുന്നുവെന്ന യാഥാർഥ്യം അത് ചൂണ്ടിക്കാണിക്കുന്നു. അതായത്, സങ്കുചിത വീക്ഷണത്തിനും ഊഹാനുമാനങ്ങൾക്കും സ്വാർഥപക്ഷപാതങ്ങൾക്കും വിധേയനായി മനുഷ്യൻ കെട്ടിച്ചമച്ച സിദ്ധാന്തങ്ങളും, ആ സിദ്ധാന്തങ്ങളവലംബമാക്കി കൈക്കൊണ്ട കർമ-നയങ്ങളും യഥാർഥത്തിൽ അബദ്ധവും അന്ത്യഫലം വെച്ചുനോക്കുമ്പോൾ സ്വയംകൃതാനർഥവുമാകുന്നു എന്ന യാഥാർഥ്യം. ഖുർആന്റെ കേന്ദ്രവിഷയം, മനുഷ്യനെ പ്രതിനിധിയായി നിയോഗിക്കവെ ദൈവം അറിയിച്ചുകൊടുത്തതെന്തോ അതുതന്നെയാണ്. അതുമാത്രമാണ് യാഥാർഥ്യം. ഈ യാഥാർഥ്യത്തിന്റെ വെളിച്ചത്തിൽ മനുഷ്യനെ സംബന്ധിച്ച് ഉചിതവും ഉത്തമഫലദായകവുമായ നയം, നേരത്തേ നാം ശരിയായ നയമെന്നപേരിൽ വിവരിച്ചിട്ടുള്ളതുമാത്രമാണ്.

ആ ശരിയായ നയത്തിലേക്ക് മനുഷ്യനെ ക്ഷണിക്കുകയും അവൻ

അശ്രദ്ധകൊണ്ട് വിനഷ്ടമാക്കിയതും ധിക്കാരംകൊണ്ട് വികൃതമാക്കിയതുമായ ദൈവികസന്മാർഗത്തെ വീണ്ടും അവന്റെ മുമ്പിൽ വ്യക്തമായി സമർപ്പിക്കുകയുമാണ് ഖുർആന്റെ ലക്ഷ്യം.

## മാലയിൽ കോർത്ത മുത്തുമണികൾ

ഈ മൂന്നു മൗലികവസ്തുതകൾ മുമ്പിൽവെച്ച് പരിശോധിക്കുന്ന ആർക്കും, ഖുർആൻ ഒരിടത്തും അതിന്റെ പ്രതിപാദ്യത്തിൽനിന്നും കേന്ദ്രവിഷയത്തിൽനിന്നും പ്രഖ്യാപിത ലക്ഷ്യത്തിൽനിന്നും മുടിനാരിഴ വ്യതിചലിച്ചിട്ടില്ലെന്ന് വ്യക്തമായി കാണാവുന്നതാണ്; അതിലെ ബഹുവിധമായ വിഷയങ്ങളെല്ലാം, വർണസുന്ദര രത്നമണികൾ ഒരു മാലച്ചരടിലെന്നപോലെ, കേന്ദ്രവിഷയവുമായി ആദ്യന്തം കോർത്തിണക്കപ്പെട്ടിരിക്കുന്നുവെന്നും.

ആകാശ-ഭൂമികളുടെ അദ്ഭുതസംവിധാനം, മനുഷ്യന്റെ സൃഷ്ടിവൈശിഷ്ട്യം, ചക്രവാളചിഹ്നങ്ങളുടെ പാഠനപര്യവേക്ഷണം, പൂർവിക സമുദായങ്ങളുടെ ചരിത്രം എന്നിവയൊക്കെ ഖുർആന്റെ ചർച്ചാവിഷയങ്ങളാണ്; വിവിധ ജനസമുദായങ്ങളുടെ ആദർശവിശ്വാസങ്ങളെയും ആചാര-വിചാരങ്ങളെയും കർമ ധർമങ്ങളെയും അതു വിമർശിക്കുന്നു. പക്ഷേ, അതൊന്നും പ്രകൃതിശാസ്ത്രമോ ചരിത്രമോ തത്ത്വശാസ്ത്രമോ ശാസ്ത്ര-കലകളോ പഠിപ്പിക്കാൻവേണ്ടിയല്ല. മറിച്ച്, മനുഷ്യന്റെ തെറ്റിദ്ധാരണകളകറ്റാനും യാഥാർഥ്യം മനുഷ്യമനസ്സിൽ പ്രതിഷ്ഠിക്കാനും വേണ്ടിയാണ്. അതോടൊപ്പം യാഥാർഥ്യവിരുദ്ധനയത്തിന്റെ അബദ്ധവും അനർഥവും തെളിച്ചുകാട്ടുകയും യാഥാർഥ്യത്തിലധിഷ്ഠിതവും സത്പരിണാമ പ്രദായകവുമായ നയത്തിലേക്ക് മനുഷ്യനെ ക്ഷണിക്കുകയും ചെയ്യുന്നു. ഇക്കാരണത്താൽത്തന്നെ, ഓരോ കാര്യവും ലക്ഷ്യത്തിനാവശ്യമായത്രയും ആവശ്യമായ വിധത്തിലും മാത്രമേ പരാമർശിക്കുന്നുള്ളൂ. അപ്രസക്ത വിശദാംശങ്ങൾ വർജിച്ച് കാര്യങ്ങൾ മാത്രം പരാമർശിക്കുന്നു. എപ്പോഴും ലക്ഷ്യത്തിലേക്കും കേന്ദ്രവിഷയത്തിലേക്കും മടങ്ങിച്ചെല്ലുന്നു; എല്ലാ പ്രതിപാദനങ്ങളും തികഞ്ഞ ഏകതാനതയോടും ഐകരൂപ്യത്തോടും മൗലികപ്രബോധനത്തിന്റെ അച്ചുതണ്ടിൽ കറങ്ങുന്നു.

## അവതരണഘട്ടങ്ങൾ

ഖുർആന്റെ പ്രതിപാദനരീതിയും ക്രോഡീകരണക്രമവും ഉള്ളടക്കവും ശരിയാംവണ്ണം ഗ്രഹിക്കണമെങ്കിൽ അതിന്റെ അവതരണ സ്വഭാവത്തെക്കുറിച്ചും ഗ്രഹിക്കേണ്ടതുണ്ട്.

അല്ലാഹു മുഹമ്മദ്നബിക്ക് എഴുതി അയച്ചുകൊടുക്കുകയും അത് പ്രസിദ്ധീകരിച്ച് ഒരു സവിശേഷ ജീവിതരീതിയിലേക്ക് ജനങ്ങളെ ക്ഷണിക്കണമെന്നുദ്ബോധിപ്പിക്കുകയും ചെയ്തുവെന്നതല്ല, ഒരു ഗ്രന്ഥമെന്ന നിലയിൽ ഖുർആന്റെ സ്വഭാവം. പ്രതിപാദ്യവും ഉള്ളടക്കങ്ങളും ഗ്രന്ഥരചനാസമ്പ്രദായത്തിൽ ക്രോഡീകരിച്ചുമല്ല അതവതരിച്ചിട്ടുള്ളത്. അതിനാൽ, ഇതര കൃതികളുടെ ക്രമവും ക്രോഡീകരണവും ഇവിടെ കാണില്ല. യഥാർഥ

ത്തിൽ ഖുർആന്റെ അവതരണം താഴെ വിവരിക്കും പ്രകാരമാണ് ഉണ്ടായത്.

ഒന്നാംഘട്ടം

അറേബ്യയിലെ മക്കാ പട്ടണത്തിൽ ദൈവം തന്റെ ഒരു ദാസനെ പ്രവാചകത്വ ദൗത്യത്തിനായി തെരഞ്ഞെടുത്തു. പ്രബോധനം ആരംഭിക്കുന്നത് സ്വന്തം പട്ടണത്തിലും ഗോത്ര(ഖുറൈശ്)ത്തിലും തന്നെ വേണമെന്ന് അദ്ദേഹത്തോട് ആജ്ഞാപിക്കുകയും ചെയ്തു. ഈ പ്രവർത്തനത്തിന് പ്രാരംഭമായി വേണ്ടിയിരുന്ന നിർദേശങ്ങൾ മാത്രമേ അപ്പോൾ നൽകപ്പെട്ടുള്ളൂ. അവ മിക്കവാറും മൂന്നു വിഷയങ്ങളടങ്ങിയതായിരുന്നു:

1. ഈ മഹത്കൃത്യത്തിന് സ്വയം തയ്യാറെടുക്കേണ്ടതെങ്ങനെയെന്നും പ്രവർത്തനം ഏതു രീതിയിൽ വേണമെന്നും പ്രവാചകനെ പഠിപ്പിക്കുക.

2. യാഥാർഥ്യത്തെക്കുറിച്ച പ്രാരംഭ പരാമർശം; ചുറ്റുപാടുമുള്ള ജനങ്ങളിൽ സ്ഥലംപിടിച്ചിരുന്നതും അവരുടെ അബദ്ധനയത്തിനു പ്രേരകമായി വർത്തിച്ചിരുന്നതുമായ തെറ്റിദ്ധാരണകളുടെ പൊതുവായ ഖണ്ഡനം.

3. ശരിയായ നയത്തിന്റെ പ്രബോധനം; മനുഷ്യന്റെ വിജയ-സൗഭാഗ്യത്തിന് നിദാനമായ ദൈവികമാർഗദർശനത്തിന്റെ പ്രാഥമിക തത്ത്വങ്ങളേയും മൗലികധർമങ്ങളേയും കുറിച്ച പ്രതിപാദനം.

പ്രബോധനാരംഭത്തിന് ചേർന്നവിധം അതീവസുന്ദരമായ ഏതാനും കൊച്ചുകൊച്ചു വചനങ്ങളായിരുന്നു ഈ ആദ്യഘട്ട സന്ദേശങ്ങൾ. അവയുടെ ഭാഷ അത്യന്തം സ്ഫുടവും ശക്തവും സരളവുമായിരുന്നു. അനുവാചകാഭിരുചിക്ക് അനുഗുണമായി, അവ ഏറ്റവും മുന്തിയ കലാഭംഗിയിൽ കടഞ്ഞെടുത്തതായിരുന്നു. ഹൃദയങ്ങളിൽ അവ അസ്ത്രം കണക്കെ ആഞ്ഞുതറക്കുന്നു; രചനാസൗകുമാര്യത്തിൽ മതിമറന്ന് അധരങ്ങൾ അവ സ്വയം ഉരുവിട്ടുപോകുന്നു. പ്രാദേശികച്ചുവ തുലോം കൂടുതലായിരുന്നു ഇവയിൽ.

സാർവലൗകിക സത്യങ്ങളാണ് ഉള്ളടക്കമെങ്കിലും തെളിവുകളും സാക്ഷ്യങ്ങളും ഉപമകളും അലങ്കാരങ്ങളുമൊക്കെ അനുവാചകവൃന്ദത്തിന് സുപരിചിതമായ സമീപ ചുറ്റുപാടുകളിൽ നിന്നെടുത്തിട്ടുള്ളതായിരുന്നു. അവരുടെ ചരിത്ര-പാരമ്പര്യങ്ങളും അനുദിനം അവർക്ക് ദൃശ്യമായിരുന്ന ദൃഷ്ടാന്തങ്ങളും അവരുടെത്തന്നെ വിശ്വാസപരവും ധാർമികവും സാമൂഹികവുമായ വൈകല്യങ്ങളുമാണവയിൽ പ്രതിപാദിച്ചിരുന്നത്. എങ്കിലേ, അവ അവരെ സ്വാധീനിക്കുമായിരുന്നുള്ളൂ.

ഈ ഒന്നാം ഘട്ടം ഉദ്ദേശം നാലഞ്ചു വർഷം തുടർന്നു. ഈ ഘട്ടത്തിൽ തിരുമേനിയുടെ പ്രബോധനത്തിന്റെ പ്രതിധ്വനി മൂന്നു രൂപങ്ങളിൽ പ്രകടമായി:

ഒന്ന്: ഏതാനും നല്ല മനുഷ്യർ ഈ പ്രബോധനം സ്വീകരിച്ച് മുസ്ലിം

പാർട്ടിയായി രൂപംകൊള്ളാൻ സന്നദ്ധരായി പ്രവാചകന്റെ കൂടെ നിന്നു.

രണ്ട്: വലിയൊരു വിഭാഗം ആളുകൾ അജ്ഞതകൊണ്ടോ സ്വാർഥം കൊണ്ടോ പൂർവാചാര പ്രതിപത്തികൊണ്ടോ എതിർപ്പിന് മുന്നോട്ടുവന്നു.

മൂന്ന്: മക്കയുടെയും ഖുറൈശികളുടെയും അതിരുകൾ കടന്ന് ഈ ശബ്ദം കുറേക്കൂടി വ്യാപകമായ വൃത്തങ്ങളിൽ എത്തിത്തുടങ്ങി.

രണ്ടാംഘട്ടം

ഇവിടംമുതൽ പ്രബോധനത്തിന്റെ രണ്ടാം ഘട്ടം ആരംഭിക്കുകയായി. ഇസ്‌ലാമിക പ്രസ്ഥാനവും പഴഞ്ചൻ ജാഹിലിയ്യതും തമ്മിൽ ഈ ഘട്ടത്തിൽ അതികഠിനമായ ജീവൻമരണസമരംതന്നെ നടന്നു. ആ പരമ്പര എട്ടൊമ്പതു വർഷത്തോളം തുടർന്നു. മക്കയിൽ മാത്രമല്ല, ഖുറൈശി ഗോത്രത്തിൽ മാത്രമല്ല, അറേബ്യയുടെ മിക്കഭാഗങ്ങളിലും പഴഞ്ചൻ യാഥാസ്തിതികത്വം നിലനിർത്താനാഗ്രഹിച്ചിരുന്നവർ ഈ പ്രസ്ഥാനത്തെ ശക്തികൊണ്ട് തകർക്കാൻ തുനിഞ്ഞിറങ്ങി. അതിനെ അടിച്ചമർത്താൻ എല്ലാ അടവുകളും അവർ പ്രയോഗിച്ചു. വ്യാജപ്രചാരണങ്ങൾ നടത്തി. ദൂഷ്യാരോപണങ്ങളുടെയും ദുഷ്തർക്കങ്ങളുടെയും കെട്ടഴിച്ചുവിട്ടു. ബഹുജനങ്ങളിൽ പലവിധ സംശയങ്ങളും ആശയക്കുഴപ്പങ്ങളും സൃഷ്ടിച്ചു. വിവരമില്ലാത്ത ജനങ്ങളെ നബിയുടെ സന്ദേശങ്ങൾ ശ്രവിക്കുന്നതിൽനിന്ന് തടഞ്ഞു. ഇസ്‌ലാം ആശ്ലേഷിക്കുന്നവരെ ക്രൂരവും മൃഗീയവുമായ മർദനപീഡനങ്ങൾക്കിരയാക്കി. അവർക്കെതിരെ സാമ്പത്തികോപരോധവും സാമൂഹിക ബഹിഷ്കരണവും ഏർപ്പെടുത്തി. അവരെ എത്രമേൽ ക്ലേശിപ്പിച്ചു എന്നാൽ, അനേകമാളുകൾ സ്വഗേഹങ്ങളുപേക്ഷിച്ച് രണ്ടുവട്ടം അബിസീനിയായിലേക്ക് പലായനം ചെയ്യാൻ നിർബന്ധിതരായി. ഒടുവിൽ മൂന്നാംവട്ടം അവർക്കെല്ലാം മദീനയിലേക്ക് ഹിജ്റ(പലായനം)ചെയ്യേണ്ടതായും വന്നു.

എന്നാൽ, ഈ അതിശക്തവും അനുദിനം ശക്തിപ്രാപിച്ചുകൊണ്ടിരുന്നതുമായ എതിർപ്പുകളെല്ലാം ഉണ്ടായിരുന്നിട്ടും പ്രസ്ഥാനം വളരുകയായിരുന്നു. ഏതെങ്കിലുമൊരാൾ ഇസ്‌ലാം സ്വീകരിക്കാതെ ഒരു വീടോ ഗോത്രമോ മക്കയിൽ അവശേഷിച്ചില്ല. തങ്ങൾക്ക് ബന്ധപ്പെട്ട പലരും ഇസ്‌ലാം ആശ്ലേഷിച്ചുകൊണ്ടിരിക്കുന്നു എന്നതായിരുന്നു, ഒട്ടനേകം വിരുദ്ധൻമാരുടെ ശത്രുത ശക്തിപ്പെടാൻ തന്നെ കാരണം. തങ്ങളുടെ സഹോദരീ സഹോദരന്മാരും മക്കളും ജാമാതാക്കളുമായ പലരും ഇസ്‌ലാമികപ്രബോധനം അംഗീകരിച്ചു എന്നു മാത്രമല്ല, പ്രസ്ഥാനത്തിന്റെ സന്നദ്ധ ഭടന്മാരായിത്തീരുകയും ചെയ്തിരുന്നു. തങ്ങളുടെ രക്തത്തിന്റെയും മാംസത്തിന്റെയും ഭാഗമായ അരുമക്കിടാങ്ങളിതാ, തങ്ങളുടെ നേരെത്തന്നെ സമരോത്സുകരായി നിൽക്കുന്നു!

മറ്റൊരു പ്രത്യേകതകൂടി: പഴകിയളിഞ്ഞ ജാഹിലിയ്യതുമായി ബന്ധം വിച്ഛേദിച്ച് വളരുന്ന നൂതനപ്രസ്ഥാനത്തിലേക്ക് ആനയിക്കപ്പെട്ടുകൊണ്ടിരുന്നവർ ആദ്യമേ സമൂഹത്തിൽ ഏറ്റവും നല്ലവരായി അംഗീകാരം നേടിയവ

രായിരുന്നു; പ്രസ്ഥാനത്തിൽ വന്നുകഴിഞ്ഞ ശേഷമാകട്ടെ അവർ പൂർവോപരി നന്മയും പരിശുദ്ധ സ്വഭാവചര്യകളുമാർജ്ജിച്ച സാത്വികരായി മാറി. ഇത്തരം നല്ല മനുഷ്യരെ തന്നിലേക്കാകർഷിക്കുകയും അവരെ ഇത്രമേൽ നല്ലവരായി പരിവർത്തിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്ന ഒരു പ്രസ്ഥാനത്തിന്റെ മഹിമയും മേന്മയും മനസ്സിലാക്കാതിരിക്കാൻ ലോകത്തിന് സാധ്യമായിരുന്നില്ല.

തീവ്രവും ദീർഘവുമായ ഈ സംഘട്ടനത്തിനിടയിൽ സന്ദർഭോചിതവും അവശ്യാനുസൃതവുമായ ഏതാനും ഉജ്ജ്വല പ്രഭാഷണങ്ങൾ അല്ലാഹു പ്രവാചകന് അവതരിപ്പിച്ചുകൊണ്ടിരുന്നു. നദീജലത്തിന്റെ ഒഴുക്കും കൊടുങ്കാറ്റിന്റെ ഉഗ്രതയും തീജ്വാലകളുടെ ആക്രമണശേഷിയുമുള്ള പ്രൗഢവും ആവേശനിർഭരവുമായ പ്രഭാഷണങ്ങൾ; ആ വാഗ്ധാരകളിലൂടെ, ഒരുവശത്ത്, വിശ്വാസികൾക്ക് അവരുടെ പ്രാരംഭചുമതലകൾ അറിയിച്ചുകൊടുത്തു; അവരിൽ സംഘടനാബോധം വളർത്തി; അവർക്ക് ഭക്തിയുടെയും ധാർമിക മേന്മയുടെയും സ്വഭാവപരിശുദ്ധിയുടെയും ശിക്ഷണങ്ങൾ നൽകി. സത്യദീനിന്റെ ബോധനരീതികൾ വിവരിച്ചുകൊടുത്തു. വിജയത്തിന്റെ വാഗ്ദാനങ്ങളും സ്വർഗത്തെക്കുറിച്ച സന്തോഷവാർത്തയുംകൊണ്ട് അവരിൽ ആത്മബലം പകർന്നു; ക്ഷമയോടും ധൈര്യത്തോടും ഉയർന്ന മനോവീര്യത്തോടും ദൈവമാർഗത്തിൽ കഠിനാധ്വാനം ചെയ്യാൻ അവരെ പ്രേരിപ്പിച്ചു. എന്തെന്തു വിഷമങ്ങൾ തരണംചെയ്യാനും എതിർപ്പുകളുടെ എത്രവലിയ കൊടുങ്കാറ്റുകളോടെതിരിടാനും സദാ സന്നദ്ധരാകുമാറ്, ത്യാഗത്തിന്റെയും അർപ്പണത്തിന്റെയും ശക്തമായ ആവേശ-വികാരങ്ങൾ അവരിൽ ഉദ്ദീപിപ്പിച്ചു. മറുവശത്ത്, അതേ പ്രഭാഷണങ്ങളിൽ, പ്രതിയോഗികളെയും ആലസ്യനിദ്രയിൽ ലയിച്ചിരിക്കുന്ന സൻമാർഗവിമുഖരെയും പൂർവജനസമുദായങ്ങളുടെ ദുരന്തകഥകളനുസ്മരിപ്പിച്ചുകൊണ്ട് കഠിനമായി താക്കീത് ചെയ്യുകയുണ്ടായി-ആപൂർവികചരിത്രമാവട്ടെ, തങ്ങൾക്കറിവുള്ളതായിരുന്നു. തങ്ങൾ നിത്യവും കടന്നുപോകാറുള്ള, തകർന്നടിഞ്ഞ നാടുകളുടെ നഷ്ടാവശിഷ്ടങ്ങൾ കണ്ട് പാഠം പഠിക്കാൻ അവരെ ശക്തിയായി ഉദ്ബോധിപ്പിച്ചു.

ആകാശ-ഭൂമികളിൽ ദൃശ്യമായിരുന്നതും സ്വജീവിതത്തിൽ സദാ അനുഭവപ്പെട്ടിരുന്നതുമായ സുവ്യക്ത ദൃഷ്ടാന്തങ്ങൾ നിരത്തിക്കൊണ്ട് ഏകദൈവത്വത്തിന്റെയും മരണാനന്തര ജീവിതത്തിന്റെയും സാധുത സമർഥിക്കപ്പെട്ടു. ബഹുദൈവത്വത്തിന്റെയും പരലോകനിഷേധത്തിന്റെയും മനുഷ്യന്റെ സ്വാധികാരവാദത്തിന്റെയും അനാശാസ്യത, ആഴത്തിലിറങ്ങിച്ചെല്ലുന്ന പ്രസ്പഷ്ടമായ തെളിവുകൾകൊണ്ട് വ്യക്തമാക്കപ്പെട്ടു. അതോടൊപ്പം എതിരാളികളുടെ ഓരോ സംശയവും ദൂരീകരിക്കുകയും ഓരോ ആക്ഷേപത്തിനും വ്യക്തമായി മറുപടി നൽകുകയും ചെയ്തു. തങ്ങൾ സ്വയം കുടുങ്ങിയിരുന്നതോ അന്യരെ കുടുക്കാനുപയോഗിച്ചിരുന്നതോ ആയ ഓരോ കുരുക്കും അങ്ങനെ സമർഥമായി അഴിച്ചുമാറ്റപ്പെട്ടു.

ചുരുക്കത്തിൽ, ജാഹിലിയ്യതിനെ നാനാഭാഗത്തുനിന്ന് വലയംചെയ്ത് പരമാവധി ഇടുക്കുകയും രക്ഷപ്പെടാൻ പഴുതില്ലാത്തവിധം കെണിയിൽപ്പെടുത്തുകയും ചെയ്തു. ബുദ്ധിയുടെയും യുക്തിബോധത്തിന്റെയും മേഖലയിൽ അതിന് ഒട്ടും നിൽക്കപ്പൊറുതിയില്ലെന്നായി. അതേസമയം, ദൈവത്തിന്റെ കോപ-ശാപങ്ങളെക്കുറിച്ച് സത്യനിഷേധികൾക്ക് മുന്നറിയിപ്പു നൽകി. അന്ത്യനാളിന്റെ ഭയങ്കരതകളെയും നരകശിക്ഷയുടെ കാഠിന്യത്തെയുംകുറിച്ച് അവരെ ഭയപ്പെടുത്തി. അവരുടെ ദുഷിച്ച സ്വഭാവ-ചര്യകളെയും സത്യവിരോധത്തെയും സത്യവിശ്വാസികളുടെ നേരെയുള്ള മർദനങ്ങളെയും ശക്തിയായി അപലപിച്ചു; ദൈവാഭീഷ്ടത്തിലധിഷ്ഠിതമായ ഉത്തമ സംസ്കാര-നാഗരികതകളുടെ നിർമാണത്തിന് എക്കാലത്തും നിദാനമായിരുന്നിട്ടുള്ള സുപ്രധാന ധാർമിക തത്ത്വങ്ങൾ അവരുടെ മുമ്പാകെ സമർപ്പിക്കപ്പെടുകയും ചെയ്തു.

ഈ ഘട്ടം, പല ഉപഘട്ടങ്ങളടങ്ങിയതായിരുന്നു. അതിലോരോ ഘട്ടത്തിലും, പ്രബോധനം കൂടുതൽ വ്യാപകമായിക്കൊണ്ടിരുന്നു. പ്രവർത്തനവും ഒപ്പം പ്രതിരോധവും ശക്തിയാർജിച്ചുവന്നു. വിശ്വാസാദർശങ്ങളിലും കർമരീതികളിലും വ്യത്യസ്തരായ ജനപദങ്ങളുമായി ഇടപെടേണ്ടതായി വന്നു. ഇതിനെല്ലാം അനുയോജ്യമായി അല്ലാഹുവിങ്കൽനിന്ന് ലഭിച്ച സന്ദേശങ്ങളിൽ വിഷയങ്ങൾക്ക് വൈവിധ്യം കൂടിക്കൂടിവരികയുംചെയ്തു- ഇതത്രേ വിശുദ്ധഖുർആനിൽ മക്കാ ജീവിതഘട്ടത്തിന്റെ പശ്ചാത്തലം.

**മൂന്നാംഘട്ടം**

മക്കയിൽ പ്രസ്ഥാനം അതിന്റെ പ്രവർത്തനത്തിൽ മുഴുകി പതിമൂന്നു വർഷം പിന്നിട്ടു. അപ്പോഴാണ് അതിന് പൊടുന്നനെ മദീനയിൽ ഒരു കേന്ദ്രം കൈവരുന്നത്. അവിടെ പ്രസ്ഥാനത്തിന് തദനുയായികളെ അറേബ്യയുടെ എല്ലാ ഭാഗങ്ങളിൽനിന്നും ഏകീകരിച്ച് ഒരിടത്ത് ഒരുമിച്ചുകൂട്ടാൻ സാധ്യമായി. നബിയും ഭൂരിഭാഗം മുസ്‌ലിംകളും ഹിജ്റചെയ്ത് മദീനയിലെത്തി. പ്രബോധനം, ഇതോടെ മൂന്നാമത്തെ ഘട്ടത്തിൽ പ്രവേശിക്കുകയായി.

സ്ഥിതിഗതികളുടെ ചിത്രം, ഈ ഘട്ടത്തിൽ പാടെ മാറിക്കഴിഞ്ഞിരുന്നു. മുസ്‌ലിംസമൂഹം വ്യവസ്ഥാപിതമായി ഒരു രാഷ്ട്രത്തിന് അടിത്തറ പാകുന്നതിൽ വിജയംവരിച്ചു. പഴമയുടെ-ജാഹിലിയ്യതിന്റെ-ധ്വജവാഹകരുമായി സായുധസംഘട്ടനങ്ങൾ നടന്നു. പൂർവപ്രവാചകന്മാരുടെ സമുദായങ്ങളു (ജൂതരും ക്രിസ്ത്യാനികളും)മായി ഇടപെടേണ്ടിവന്നു. മുസ്‌ലിം സംഘടനയുടെ ഉള്ളിൽത്തന്നെ പലതരം കപടവിശ്വാസികൾ (മുനാഫിഖുകൾ) കടന്നുകൂടി. അവരെ നേരിടേണ്ടതായും വന്നു.

അങ്ങനെ, പത്തുവർഷത്തെ കഠിനമായ സംഘട്ടനങ്ങൾ തരണംചെയ്ത്, ഒടുവിൽ പ്രസ്ഥാനം വിജയത്തിന്റെ ഘട്ടത്തിലെത്തിയപ്പോൾ അറേബ്യ മുഴുക്കെ അതിന്റെ കൊടിക്കൂറക്കടിയിൽ വന്നുകഴിയുകയും സാർവലൗകികമായ പ്രബോധനസംരംഭങ്ങളുടെ കവാടം തുറക്കപ്പെടുകയും ചെയ്തു.

ഈ ഘട്ടത്തിനും പല ഉപഘട്ടങ്ങളുണ്ടായിരുന്നു. ഓരോ ഘട്ടത്തിലും പ്രസ്ഥാനത്തിന് സവിശേഷമായ ആവശ്യങ്ങളുമുണ്ടായി. ഈ ആവശ്യങ്ങൾക്കനുസൃതമായ പ്രഭാഷണങ്ങളാണ് അല്ലാഹു തിരുമേനിക്ക് അവതരിപ്പിച്ചുകൊണ്ടിരുന്നത്. അവ ചിലപ്പോൾ തീപ്പൊരി പ്രസംഗങ്ങളുടെ രീതിയിലാണെങ്കിൽ, ചിലപ്പോൾ രാജകീയ വിളംബരങ്ങളുടെ രൂപത്തിലായിരുന്നു. അവയിൽ ചിലത് ശിക്ഷണനിർദേശങ്ങളാണെങ്കിൽ മറ്റുചിലത് സംസ്കരണപ്രധാനമായ സാരോപദേശങ്ങളായിരുന്നു.

സമൂഹത്തിന്റെ ഘടനയും രാഷ്ട്രത്തിന്റെ നിർമാണവും നാഗരികതയുടെ സംവിധാനവും ഏതുവിധത്തിൽ വേണം; ജീവിതത്തിന്റെ ബഹുമുഖമായ മേഖലകൾ എന്തെന്തു തത്ത്വങ്ങളിലധിഷ്ഠിതമാവണം; കപടവിശ്വാസികളോടനുവർത്തിക്കേണ്ട നയമെന്ത്; രാഷ്ട്രത്തിന് വിധേയരായ വിമതസ്ഥരോ (ദിമ്മികൾ)ടെങ്ങനെ വർത്തിക്കണം; വേദക്കാരോടുള്ള സമീപനത്തിന്റെ സ്വഭാവമെന്ത്; യുദ്ധാവസ്ഥയിലുള്ള ശത്രുജനതകളോടും ഉടമ്പടി ചെയ്ത സമുദായങ്ങളോടും എന്തു നയം കൈക്കൊള്ളണം; സർവോപരി, വിശ്വാസികളുടേതായ ഈ സന്നദ്ധസംഘം ഭൂലോകത്ത് ജഗന്നിയന്താവിന്റെ പ്രതിനിധികളെന്ന നിലക്കുള്ള ബാധ്യതകളുടെ നിർവഹണത്തിന് തങ്ങളെത്തന്നെ എവ്വിധമെല്ലാം പാകപ്പെടുത്തണം- ഇതെല്ലാമായിരുന്നു ആ പ്രഭാഷണങ്ങളിലെ പ്രമേയങ്ങൾ. അവയിലൂടെ മുസ്‌ലിംകൾക്ക് അവശ്യം ആവശ്യമായ പരിശീലനമുറകൾ അഭ്യസിപ്പിച്ചു. അവരുടെ വൈകല്യങ്ങളും ദൗർബല്യങ്ങളും ചൂണ്ടിക്കാണിച്ചു. ദൈവമാർഗത്തിൽ ജീവ-ധനത്യാഗത്തിന് അവരെ ഉദ്യുക്തരാക്കി. വിജയത്തിലും പരാജയത്തിലും, സന്തോഷത്തിലും സന്താപത്തിലും, സുസ്ഥിതിയിലും ദുഃസ്ഥിതിയിലും, സമാധാനാന്തരീക്ഷത്തിലും അടിയന്തരഘട്ടങ്ങളിലും- അങ്ങനെ ഭിന്നങ്ങളായ പരിതഃസ്ഥിതികളിൽ അതതിനനുയുക്തമായ സദാചാര ശിക്ഷണങ്ങൾ അവർക്ക് നൽകി. തദ്വാരാ, നബിതിരുമേനിയുടെ വിയോഗാനന്തരം അവിടുത്തെ പ്രതിപുരുഷന്മാരായി സത്യപ്രബോധന ദൗത്യവും ലോകോദ്ധാരണ കൃത്യവും യഥായോഗ്യം നിർവഹിക്കാൻ അവരെ സർവഥാ സന്നദ്ധരാക്കി. മറുവശത്ത്, വിശ്വാസികൾക്കും അവിശ്വാസികൾക്കും അന്ധവിശ്വാസികൾക്കുമെല്ലാം അവരുടെ അവസ്ഥാന്തരങ്ങൾ പരിഗണിച്ച്, യാഥാർഥ്യം ഗ്രഹിപ്പിക്കാൻ പരമാവധി ശ്രമിച്ചുപോന്നു. മധുര-മൃദുലമായി ഉപദേശിച്ചും കർക്കശമായി ഗുണദോഷിച്ചും ദൈവശിക്ഷയെക്കുറിച്ച് ഭയപ്പെടുത്തിയും ശ്രദ്ധേയങ്ങളായ സംഭവങ്ങളിൽനിന്ന് പാഠംപഠിക്കാൻ ഉദ്ബോധിപ്പിച്ചും നാനാവിധേന, അവരിൽ പ്രബോധനബാധ്യത പൂർത്തീകരിക്കാൻ ശ്രമിച്ചുവന്നു.

ഇതത്രേ, വിശുദ്ധഖുർആനിൽ മദനി (മദീനയിൽ അവതരിപ്പിക്കപ്പെട്ട) അധ്യായങ്ങളുടെ പശ്ചാത്തലം.

## പ്രബോധകഗ്രന്ഥം

ഈ വിവരണത്തിൽനിന്ന്, ഖുർആന്റെ അവതരണം ഒരു പ്രബോധനത്തോടൊപ്പമാണ് ആരംഭിച്ചതെന്ന വസ്തുത വ്യക്തമാകുന്നുണ്ട്. പ്രാരംഭം

മുതൽ പരിപൂർത്തിവരെയുള്ള ഇരുപത്തിമൂന്ന് സംവത്സരത്തിനകം ഈ പ്രബോധനം പിന്നിട്ട ഓരോരോ ഘട്ടങ്ങളിലും ഉപഘട്ടങ്ങളിലും അവയുടെ ബഹുവിധ ആവശ്യങ്ങൾക്കനുഗുണമായി ഖുർആന്റെ ഓരോ ഭാഗം അവതരിക്കുകയായിരുന്നു. ഇവ്വിധമൊരു ഗ്രന്ഥത്തിൽ ഡോക്ടറേറ്റു ബിരുദത്തിനുള്ള തിസീസിലെന്നപോലൊരു രചനാരീതി കാണുകയില്ലെന്നത് സ്പഷ്ടമാണ്. പ്രബോധനത്തിന്റെ വികാസ- പരിണാമങ്ങൾക്കൊപ്പം അവതരിച്ചുകൊണ്ടിരുന്ന ഖുർആന്റെ ചെറുതും വലുതുമായ ഭാഗങ്ങൾ തന്നെ പ്രബന്ധങ്ങളുടെ രൂപത്തിൽ പ്രകാശനം ചെയ്യപ്പെടുകയായിരുന്നില്ല. പ്രത്യുത, പ്രഭാഷണങ്ങളായി അവതരിക്കുകയും അതേരൂപത്തിൽ പ്രചരിപ്പിക്കപ്പെടുകയുമാണ് ചെയ്തത്. അതുകൊണ്ടുതന്നെ അവ പ്രഭാഷണശൈലിയിലാണ്. ഈ പ്രഭാഷണങ്ങളാവട്ടെ ഒരു കോളേജ് പ്രൊഫസറുടെ ലക്ചർ രീതിയിലായിരുന്നില്ല; ആദർശപ്രബോധകന്റെ പ്രഭാഷണങ്ങളായിരുന്നു. അദ്ദേഹത്തിന് ഹൃദയത്തേയും മസ്തിഷ്കത്തേയും വിചാരത്തേയും വികാരത്തേയും ഒരേസമയം വശീകരിക്കേണ്ടതുണ്ടായിരുന്നു, ഭിന്നരുചികളേയും ഭിന്ന മനസ്സുകളേയും കൈകാര്യം ചെയ്യേണ്ടതുണ്ടായിരുന്നു, പ്രാസ്ഥാനിക പ്രവർത്തനങ്ങൾക്കു മധ്യേ അസംഖ്യം ഭിന്ന പരിതഃസ്ഥിതികളഭിമുഖീകരിക്കേണ്ടതുണ്ടായിരുന്നു. തന്റെ വാദം, സാധ്യമായ എല്ലാ വശങ്ങളിലൂടെയും ജനമനസ്സിൽ പ്രതിഷ്ഠിക്കുക, വിചാരഗതികളിൽ വിപ്ലവാത്മകമായ മാറ്റംവരുത്തുന്ന വികാരങ്ങളുടെ വേലിയേറ്റങ്ങൾ സൃഷ്ടിക്കുക, പ്രതിപ്രവർത്തനങ്ങളുടെ നട്ടെല്ലൊടിക്കുക, അനുയായികൾക്ക് സംസ്കരണ പരിശീലനങ്ങൾ നൽകുക, അവരിൽ ആവേശവും ആത്മധൈര്യവും വളർത്തുക, ശത്രുക്കളെ മിത്രങ്ങളും നിഷേധികളെ വിശ്വാസികളുമായി മാറ്റുക, പ്രതിയോഗികളുടെ വാദമുഖങ്ങളെ തകർക്കുകയും അവരുടെ ധാർമികശക്തി നശിപ്പിക്കുകയും ചെയ്യുക-അങ്ങനെ ഒരാദർശത്തിന്റെ പ്രബോധകന്, ഒരു പ്രസ്ഥാനത്തിന്റെ നേതാവിന് അവശ്യം ആവശ്യമായ എല്ലാം അദ്ദേഹത്തിന് ചെയ്യേണ്ടതുണ്ടായിരുന്നു. അതിനാൽ, ഈ പ്രവർത്തനങ്ങൾക്കിടയിൽ അല്ലാഹു പ്രവാചകനവതരിപ്പിച്ച പ്രഭാഷണങ്ങൾ തീർച്ചയായും ഒരു ആദർശ പ്രബോധനത്തിന് പോന്നവിധമായിരിക്കും-ആയിരിക്കുകയും വേണം. കോളേജ് ലക്ചററുടെ രീതി അതിലന്വേഷിക്കുന്നത് ശരിയല്ല.

## ആവർത്തനം എന്തുകൊണ്ട്?

ഖുർആനിൽ വിഷയങ്ങളുടെ ഇത്രയേറെ ആവർത്തനം എന്തുകൊണ്ടാണെന്ന കാര്യവും ഇവിടെ നല്ലപോലെ മനസ്സിലാക്കാവുന്നതാണ്. ഒരു പ്രബോധനത്തിന്റെ, പ്രവർത്തന നിരതമായ ഒരു പ്രസ്ഥാനത്തിന്റെ സ്വാഭാവികമായ താൽപര്യം, അത് ഏത് ഘട്ടത്തെയാണോ തരണംചെയ്തുകൊണ്ടിരിക്കുന്നത് ആ ഘട്ടവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രം പരാമർശിക്കുകയെന്നതത്രെ. പ്രസ്ഥാനം ഒരു ഘട്ടത്തെ നേരിടുന്ന കാലമത്രയും അതേ ഘട്ടത്തിന്റെ ആവശ്യങ്ങൾതന്നെ ആവർത്തിച്ചുകൊണ്ടിരിക്കണം. അനന്തര ഘട്ടങ്ങളിൽ പറയേണ്ട കാര്യങ്ങളെ സ്പർശിക്കരുത്. കുറേ മാസങ്ങളോ

കുറേയേറെ കൊല്ലങ്ങൾതന്നെയോ വേണ്ടിവന്നാലും ശരി. എന്നാൽ, ഒരേ തരം കാര്യങ്ങൾ ഒരേ ശൈലിയിലും വാക്യത്തിലുമാണാവർത്തിക്കപ്പെടുന്നതെങ്കിൽ കാതുകൾ അവ കേട്ടുകേട്ടു മടുക്കും; ആസ്വാദകരിൽ വിരസത ജനിക്കും. അതിനാൽ, അതത് ഘട്ടങ്ങളിൽ ആവർത്തിച്ച് പറയേണ്ട സംഗതികൾതന്നെ ഓരോ പ്രാവശ്യവും പുതിയപുതിയ വാക്യങ്ങളിലും, നവംനവങ്ങളായ ശൈലികളിലും, പുത്തനായ ഹാവ-ഭാവങ്ങളോടെയും അവതരിപ്പിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ അവ ഏറ്റവും പ്രിയങ്കരമായി ഹൃദയങ്ങളിൽ സ്ഥലംപിടിക്കുകയും പ്രബോധനം ഓരോ ഘട്ടത്തിലും ദൃഢഭദ്രമായി മുന്നോട്ടുനീങ്ങുകയും ചെയ്യൂ. അതേസമയം പ്രബോധനത്തിനടിസ്ഥാനമായ ആദർശ-സിദ്ധാന്തങ്ങൾ ആദ്യവസാനം എല്ലാ ഘട്ടങ്ങളിലും ദൃഷ്ടിപഥത്തിലിരിക്കേണ്ടതും ആവശ്യമാണ്; അല്ല, ഓരോ ഘട്ടത്തിലും അതാവർത്തിക്കപ്പെട്ടുകൊണ്ടിരിക്കണം.

ഈ കാരണങ്ങളാലാണ്, ഇസ്‌ലാമിക പ്രബോധനത്തിന്റെ ഒരു ഘട്ടത്തിൽ അവതരിച്ച ഖുർആനികാധ്യായങ്ങളിലെല്ലാം ഒരേതരം വിഷയങ്ങൾ, വാക്കുകളും ശൈലികളും മാറിമാറി വരുന്നത്. അതോടൊപ്പം ദൈവത്തിന്റെ ഏകത്വം, ദിവ്യഗുണങ്ങൾ, മരണാനന്തരജീവിതം, ദൈവസന്നിധിയിലുള്ള വിചാരണ, രക്ഷാ-ശിക്ഷകൾ, പ്രവാചകദൗത്യം, ദിവ്യഗ്രന്ഥങ്ങളിലുള്ള വിശ്വാസം, ഭക്തി, ക്ഷമ, ദൈവാർപ്പണം തുടങ്ങി പ്രസ്ഥാനത്തിന്റെ ഒരു ഘട്ടത്തിലും അവഗണിക്കാനരുതാത്ത മൗലികവിഷയങ്ങൾ ഖുർആനിലുടനീളം ആവർത്തിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഈ മൗലികവിശ്വാസാദർശങ്ങൾ അൽപമെങ്കിലും ദുർബലമായാൽ പ്രസ്ഥാനം അതിന്റെ ശരിയായ ചൈതന്യത്തോടുകൂടി മുന്നോട്ടുനീങ്ങുക സാധ്യമല്ലെന്നതുതന്നെ കാരണം.

## ക്രോഡീകരണം

അൽപം ചിന്തിക്കുന്നപക്ഷം, ഖുർആൻ അവതരിച്ച ക്രമത്തിൽ തന്നെ നബിതിരുമേനി അത് ക്രോഡീകരിക്കാതിരുന്നതെന്തുകൊണ്ട് എന്ന പ്രശ്നവും ഇതേ വിവരണംകൊണ്ട് പരിഹൃതമാവുന്നു.

ഇരുപത്തിമൂന്ന് വർഷക്കാലം ഖുർആൻ അവതരിച്ചുകൊണ്ടിരുന്നത് പ്രബോധനം ആരംഭിക്കുകയും വികസിക്കുകയും ചെയ്ത ക്രമത്തിലാണ്. പ്രബോധനത്തിന്റെ വളർച്ചക്കനുസരിച്ചുള്ള ഈ ക്രമം പ്രസ്ഥാനം പരിപൂർണത പ്രാപിച്ചശേഷവും ഉചിതമായിരിക്കയില്ലെന്ന് അതിനാൽ സ്പഷ്ടമാണ്. അനന്തര സ്ഥിതിവിശേഷങ്ങൾക്കനുഗുണമായ മറ്റൊരു ക്രമീകരണമാണ് പ്രബോധന പരിപൂർത്തിക്കുശേഷം ആവശ്യമായിട്ടുള്ളത്.

ഖുർആന്റെ പ്രഥമ സംബോധിതർ ഇസ്‌ലാമിനെക്കുറിച്ച് തീരെ അജ്ഞരും അപരിചിതരുമായിരുന്നതുകൊണ്ട് പ്രാരംഭ ബിന്ദുവിൽനിന്നുതന്നെ അധ്യാപനം തുടങ്ങേണ്ടതുണ്ടായിരുന്നു. പ്രബോധന പരിപൂർത്തിക്ക് ശേഷമാവട്ടെ, അവർ ഖുർആനിൽ വിശ്വസിച്ച് ഒരു പാർട്ടിയായി രൂപംകൊണ്ട ജനമായിത്തീർന്നിരുന്നു. പ്രവാചകൻ താത്ത്വികമായും പ്രായോഗികമായും

സമ്പൂർണമാക്കി തങ്ങളെ വഹിപ്പിച്ച ബാധ്യത തുടർന്ന് നിർവഹിക്കാൻ അവർ ബാധ്യസ്ഥരുമായിരുന്നു. അതിനാൽ, ഇപ്പോൾ പ്രഥമവും പ്രധാനവുമായ ആവശ്യം, വിശ്വാസികളുടെ ഈ സമൂഹം സ്വന്തം ബാധ്യതകളും ജീവിത നിയമങ്ങളും പൂർവപ്രവാചകരുടെ സമുദായങ്ങളിൽ പ്രകടമായിരുന്ന വൈകല്യങ്ങളും നല്ലപോലെ അറിഞ്ഞിരിക്കുകയും, അങ്ങനെ ഇസ്‌ലാമിനെക്കുറിച്ച് അപരിചിതമായ ലോകത്തിന് ദൈവികനിർദേശം എത്തിച്ചുകൊടുക്കാൻ മുന്നോട്ടു വരുകയും ചെയ്യുക എന്നതായിത്തീർന്നു.

വിശുദ്ധഖുർആൻ എവ്വിധമുള്ള ഗ്രന്ഥമാണെന്ന് മനസ്സിലായിക്കഴിഞ്ഞാൽ, ഓരോ വിഷയം ഓരോ സ്ഥലത്തായി സ്വരൂപിക്കുകയെന്നത് അതിന്റെ പ്രകൃതിയുമായി പൊരുത്തപ്പെടുന്നതല്ലെന്ന് സ്വയംതന്നെ വ്യക്തമാവുന്നതാണ്. മദീനാകാലത്തെ പ്രതിപാദനങ്ങൾ മക്കാജീവിതാധ്യാപനങ്ങൾക്ക് മധ്യേയും മക്കീ കാലഘട്ടത്തിലെ പ്രമേയങ്ങൾ മദനീ ശിക്ഷണങ്ങൾക്കിടയിലും പ്രാരംഭകാല പ്രഭാഷണങ്ങൾ പിൽക്കാല പ്രബോധനങ്ങൾക്ക് നടുവിലും മറിച്ചും മാറിമാറി വരണമെന്ന് ഖുർആന്റെ പ്രകൃതി താൽപര്യപ്പെടുന്നു. അങ്ങനെ, സമ്പൂർണ ഇസ്‌ലാമിന്റെ സമഗ്രമായൊരു ചിത്രം അനുവാചക ദൃഷ്ടിയിൽ തെളിഞ്ഞുവരണം; ഒരിക്കലും ഒരിടത്തും അത് അപൂർണമോ ഭാഗികമോ ആവരുത്. ഖുർആനിക പ്രബോധനം അതിന്റെ സമ്പൂർണതക്ക് ശേഷം ഇതാണാവശ്യപ്പെടുന്നത്.

ഇനി, ഖുർആൻ അവതരണക്രമത്തിൽ ക്രോഡീകരിച്ചാൽത്തന്നെ പിൽക്കാലത്തെ ജനങ്ങൾക്കത് പ്രയോജനപ്രദമാകണമെങ്കിൽ ഓരോ സൂക്തവും അവതരിച്ച കാലവും തീയതിയും അവതരണ പശ്ചാത്തലവും പരിതഃസ്ഥിതിയും രേഖപ്പെടുത്തി, ഖുർആന്റെ അഭേദ്യമായ ഒരനുബന്ധമായി പ്രസിദ്ധീകരിക്കേണ്ടിവരുമായിരുന്നു. ഇതാകട്ടെ, ദിവ്യവചനങ്ങളുടെ ഒരു സമാഹാരം എന്നെന്നേക്കുമായി ക്രോഡീകരിച്ചു സുരക്ഷിതമാക്കിവെച്ചതുകൊണ്ട് അല്ലാഹു ഉദ്ദേശിച്ചതെന്തോ അതിനുതന്നെ വിരുദ്ധമായിട്ടുള്ളതാണ്. അന്യവചനങ്ങളുടെ ഒരു കലർപ്പും പങ്കാളിത്തവുമില്ലാതെ ദിവ്യവചനങ്ങൾ തനതായ സംക്ഷിപ്ത രൂപത്തിൽ ക്രോഡീകരിക്കപ്പെടണമെന്നാണ് അല്ലാഹു ഉദ്ദേശിച്ചിരുന്നത്. കുട്ടികളും വൃദ്ധരും, സ്ത്രീകളും പുരുഷന്മാരും, നഗരവാസികളും ഗ്രാമീണരും, പണ്ഡിതരും പാമരരുമെല്ലാം അതു വായിക്കണം; എല്ലാ കാലത്തും എല്ലാദേശത്തും എല്ലാതരം പരിതഃസ്ഥിതികളിലും അതു വായിക്കപ്പെടണം; ധൈഷണികമായും വൈജ്ഞാനികമായും ഭിന്നവിതാനങ്ങളിലുള്ള മനുഷ്യർ, തങ്ങളിൽനിന്ന് ദൈവം എന്താഗ്രഹിക്കുന്നു, എന്താഗ്രഹിക്കുന്നില്ല എന്നെങ്കിലും അതുമുഖേന അറിഞ്ഞിരിക്കണം-ഇതായിരുന്നു അല്ലാഹുവിന്റെ ഇംഗിതം. ദിവ്യവചനങ്ങളുടെ ഇത്തരമൊരു സമാഹാരത്തോടൊപ്പം ഒരു നീണ്ട ചരിത്രവും എഴുതിപ്പിടിപ്പിക്കേണ്ടിവന്നാൽ, അനിവാര്യമായി അതും വായിക്കണമെന്നുവന്നാൽ, പ്രസ്തുത ദൈവികാഭീഷ്ടംതന്നെ വിഫലമായിത്തീരുമെന്ന് വ്യക്തമാണ്.

ഖുർആന്റെ നിലവിലുള്ള ക്രോഡീകരണക്രമത്തെ വിമർശിക്കുന്നവർക്ക് ആ ഗ്രന്ഥത്തിന്റെ ഉദ്ദേശ്യ-ലക്ഷ്യങ്ങളെപ്പറ്റി ഒന്നും അറിഞ്ഞുകൂടെന്നതാണ് പരമാർഥം. കേവലം ചരിത്ര-സാമൂഹികശാസ്ത്ര വിദ്യാർഥികൾക്കുവേണ്ടി അവതീർണമായൊരു ഗ്രന്ഥമാണിതെന്നുവരെ അവർ ധരിച്ചുവെച്ചതായി തോന്നുന്നു.

ഖുർആന്റെ ക്രമത്തെ സംബന്ധിച്ച് വായനക്കാർ അറിഞ്ഞിരിക്കേണ്ട മറ്റൊരു വസ്തുത, പിൽക്കാലക്കാരല്ല അതിന്റെ കർത്താക്കളെന്നതാണ്. പ്രത്യുത, നബിതിരുമേനി തന്നെയാണ് അല്ലാഹുവിന്റെ നിർദേശപ്രകാരം ഖുർആൻ ഇന്നത്തെ രൂപത്തിൽ ക്രോഡീകരിച്ചത്. ഒരധ്യായം അവതരിക്കുമ്പോൾ തന്നെ തിരുമേനി തന്റെ എഴുത്തുകാരെ വിളിപ്പിച്ച് അത് എഴുതിവെപ്പിക്കുകയും ഇന്ന അധ്യായം ഇന്ന അധ്യായത്തിന്റെ പിറകിൽ അല്ലെങ്കിൽ മുമ്പിൽ ചേർക്കണമെന്ന് നിർദേശിക്കുകയും പതിവായിരുന്നു. ഒരു സ്വതന്ത്ര അധ്യായമായിരിക്കാൻ ഉദ്ദേശിക്കപ്പെടാതെ വല്ല ഭാഗവുമാണവതരിക്കുന്നതെങ്കിൽ അത് ഇന്ന അധ്യായത്തിൽ ഇന്ന സ്ഥലത്ത് രേഖപ്പെടുത്തണമെന്ന് അവിടുന്ന് നിർദേശം നൽകും. അനന്തരം അതേ ക്രമമനുസരിച്ച് തിരുമേനി തന്നെ നമസ്കാരത്തിലും മറ്റു സന്ദർഭങ്ങളിലും ഖുർആൻ പാരായണം ചെയ്തിരുന്നു. അതേക്രമത്തിൽ അവിടുത്തെ സഖാക്കളും അത് ഹൃദിസ്ഥമാക്കി. ഇതായിരുന്നു ഖുർആന്റെ ക്രോഡീകരണത്തിന് സ്വീകരിച്ചുവന്ന സമ്പ്രദായം. ആകയാൽ, വിശുദ്ധഖുർആന്റെ അവതരണം പൂർത്തിയായിട്ടുണ്ടെന്നത് ഒരു അംഗീകൃത ചരിത്രയാഥാർഥ്യമാണ്. അതിന്റെ അവതാരകനായ അല്ലാഹു തന്നെയാണ് അതിന്റെ സമാഹർത്താവും. അത് ഹൃദയത്തിൽ ഏറ്റുവാങ്ങിയ പ്രവാചകനിലൂടെത്തന്നെയാണ് അത് ക്രോഡീകരിക്കപ്പെട്ടതും. ഇതിലൊന്നും ആർക്കും കൈകടത്താൻ കഴിയുമായിരുന്നില്ല.

## ഗ്രന്ഥാവിഷ്കരണം

മുസ്ലിംകൾക്ക് പ്രാരംഭഘട്ടത്തിൽത്തന്നെ നമസ്കാരം നിർബന്ധമാക്കിയിരുന്നു.[1] ഖുർആൻപാരായണം നമസ്കാരത്തിന്റെ അവശ്യഘടകമായും നിശ്ചയിച്ചിരുന്നു. തന്നിമിത്തം ഖുർആന്റെ അവതരണത്തിനൊപ്പം അത് മനഃപാഠമാക്കുന്ന പതിവും മുസ്ലിംകളിൽ നടപ്പിൽവന്നു. ഓരോ ഭാഗം അവതരിക്കുംതോറും അവരത് ഹൃദിസ്ഥമാക്കി. അങ്ങനെ, നബിതിരുമേനി തന്റെ എഴുത്തുകാരെക്കൊണ്ട് ഖുർആൻ രേഖപ്പെടുത്തിവെപ്പിച്ചിരുന്ന ഈന്തപ്പനമട്ടലുകളിലും എല്ലിൻകഷണങ്ങളിലും തോൽതുണ്ടുകളിലും പരിമിതമായില്ല അതിന്റെ സുരക്ഷിതത്വം. പ്രത്യുത, അവതരിച്ചുകൊണ്ടിരിക്കെത്തന്നെ ദശക്കണക്കിനും ശതക്കണക്കിനും തുടർന്ന് ആയിരക്കണക്കിനും

1. നബിക്ക് പ്രവാചകത്വം ലഭിച്ച് ഏതാനും വർഷങ്ങൾ കഴിഞ്ഞാണ് അഞ്ചു നേരത്തെ നമസ്കാരം നിർബന്ധമായതെങ്കിലും പൊതുവിൽ നമസ്കാരം ആ ദിവസം തൊട്ടേ നിർബന്ധമാക്കപ്പെട്ടിരുന്നു. നമസ്കാരം നിർബന്ധമല്ലാതിരുന്ന ഒരു സമയവും ഇസ്ലാമിൽ ഉണ്ടായിരുന്നിട്ടില്ല.

മനുഷ്യഹൃദയങ്ങളിൽ അത് മുദ്രിതമായി; ഒരു ചെകുത്താനും ഒരക്ഷരം മാറ്റിമറിക്കാൻ ഇടമുണ്ടായില്ല.

നബിതിരുമേനിയുടെ വിയോഗാനന്തരം അറേബ്യയിൽ മതംമാറ്റക്കുഴപ്പം തലപൊക്കുകയും അതിനെ നേരിടാനുള്ള യത്നത്തിൽ അവിടുത്തെ സഖാക്കൾക്ക് രക്തരൂഷിത പോരാട്ടങ്ങൾ നടത്തേണ്ടിവരികയും ചെയ്തു. ഖുർആൻ ആദ്യന്തം മനഃപാഠമാക്കിയിരുന്ന ഒട്ടേറെ സ്വഹാബികൾ പോരാട്ടങ്ങളിൽ രക്തസാക്ഷികളായി. ഇതേത്തുടർന്ന്, ഖുർആന്റെ സംരക്ഷണത്തിന് ഏകമാർഗം ആശ്രയിക്കുന്നത് യുക്തമല്ലെന്നും ഹൃദയഫലകങ്ങളിലെന്ന പോലെ ഗ്രന്ഥത്താളുകളിലും അതെഴുതി സൂക്ഷിക്കാൻ ഏർപ്പാടുചെയ്യണമെന്നും ഉമർ ചിന്തിച്ചുറച്ചു. ഈ കാര്യം ഒന്നാം ഖലീഫ അബൂബക്റിന് വിശദീകരിച്ചുകൊടുത്തു. അൽപം ആലോചിച്ചശേഷം അബൂബക്ർ അതിനോടു യോജിക്കുകയും നബിതിരുമേനിയുടെ എഴുത്തുകാരൻ (കാതിബ്) ആയിരുന്ന സൈദുബ്നു സാബിതിനെ ഈ സേവനത്തിന് നിയോഗിക്കുകയും ചെയ്തു.

നബിതിരുമേനി ലിഖിതരൂപത്തിൽ വിട്ടേച്ചുപോയ ഖുർആന്റെ എല്ലാ ഭാഗങ്ങളും ശേഖരിക്കുക, സ്വഹാബികളിൽ ആരുടെയെല്ലാം പക്കൽ ദിവ്യഗ്രന്ഥം മുഴുവനായോ ഭാഗികമായോ എഴുതിവെക്കപ്പെട്ടതായുണ്ടോ അതും കരസ്ഥമാക്കുക,[2] കൂടാതെ ഖുർആൻ ഹൃദിസ്ഥമാക്കിയവരുടെ സഹകരണം തേടുകയും ചെയ്യുക. ഈ മൂന്നു മാധ്യമങ്ങളുടെയും സംയുക്ത സാക്ഷ്യത്താൽ പരിപൂർണ സുബദ്ധത ഉറപ്പുവരുത്തിയശേഷം ഖുർആന്റെ ഓരോ വാക്കും സനിഷ്കർഷം 'മുസ്ഹഫി'ൽ രേഖപ്പെടുത്തുക-ഇതായിരുന്നു നിശ്ചിത വ്യവസ്ഥ. ഇപ്രകാരം വിശുദ്ധ ഖുർആന്റെ ആധികാരികമായ ഒരു കോപ്പി എഴുതിത്തയ്യാറാക്കി, നബി തിരുമേനിയുടെ പത്നി ഹഫ്സ്വയുടെ പക്കൽ സൂക്ഷിക്കാനേൽപിച്ചു. പ്രസ്തുത കോപ്പി പകർത്താനും തങ്ങളുടെ കൈവശമുള്ള കോപ്പികൾ അതുമായി ഒത്തുനോക്കി ശരിപ്പെടുത്താനും ജനങ്ങൾക്ക് പൊതു അനുവാദം നൽകുകയും ചെയ്തു.

അറേബ്യയിൽ എല്ലായിടത്തും അറബിതന്നെയായിരുന്നു ഭാഷ. എന്നാൽ വിവിധ പ്രദേശങ്ങളുടെയും ഗോത്രങ്ങളുടെയും സംസാരഭാഷകളിൽ അൽപസ്വൽപ വ്യത്യാസങ്ങളുണ്ടായിരുന്നു; നമ്മുടെ നാടുകളിൽ ഒരേ ഭാഷ സംസാരിക്കുന്നവർക്കിടയിൽത്തന്നെ വിവിധ നഗരങ്ങളിലും ജില്ലകളിലുമൊക്കെ വ്യത്യാസങ്ങൾ ഉള്ളതുപോലെ. ഖുർആൻ അവതരിച്ചത് മക്കയിൽ ഖുറൈശികൾ സംസാരിച്ചുവന്ന ഭാഷയിലായിരുന്നു. എങ്കിലും ഇതര പ്രദേശക്കാർക്കും ഗോത്രക്കാർക്കും അവരവരുടെ ഉച്ചാരണ പ്രയോഗരീതികളനുസരിച്ച് അത് വായിച്ചുകൊള്ളാൻ ആദ്യത്തിൽ അനുവാദം നൽകിയിരുന്നു.

2. നബിതിരുമേനിയുടെ ജീവിതകാലത്തുതന്നെ ശിഷ്യൻമാരിൽ പലരും വിശുദ്ധ ഖുർആൻ പൂർണമായോ ഭാഗികമായോ എഴുതി സൂക്ഷിച്ചിരുന്നതായി വിശ്വാസയോഗ്യമായ നിവേദനങ്ങളിൽനിന്ന് മനസ്സിലാകുന്നുണ്ട്. ഇങ്ങനെ എഴുതിവെച്ചവരിൽ ഹ. ഉസ്മാൻ, അലി, അബ്ദുല്ലാഹിബ്നു മസ്ഊദ്, അബ്ദുല്ലാഹിബ്നു അംരിബ്നിൽ ആസ്, സാലിം മൗലാ ഹുദൈഫ, സൈദുബ്നു സാബിത്, മുആദുബ്നു ജബൽ, ഉബയ്യുബ്നു കഅ്ബ്, അബൂസൈദ്, ഖൈസുബ്നു സകൻ എന്നിവർ ഉൾപ്പെടുന്നു.

വാക്കുകൾ തങ്ങൾക്ക് പരിചിതമായ ഉച്ചാരണരീതിയിൽ വായിക്കുന്നു എന്ന തല്ലാതെ, ഇതുമൂലം അർഥവ്യത്യാസങ്ങളൊന്നും സംഭവിക്കുമായിരുന്നില്ല. എന്നാൽ, അചിരേണ ഇസ്‌ലാമിനു പ്രചാരം സിദ്ധിച്ചുവന്നപ്പോൾ പൂർവ സ്ഥിതി തുടരുന്നത് അനാശാസ്യമായിത്തോന്നി.

മരുഭൂമികൾ താണ്ടി അറബികൾ ലോകത്തിന്റെ വലിയൊരു ഭാഗം അധീനപ്പെടുത്തി. ഇതര ജനപദങ്ങൾ ഇസ്‌ലാമിൽ പ്രവേശിച്ചുകൊണ്ടിരുന്നു; അറബി-അനറബി സങ്കലനം അറബിഭാഷയെ ഗണ്യമായി സ്വാധീനിച്ചു. മേലിലും ഇതര ഉച്ചാരണരീതികളനുസരിച്ച് ഖുർആൻ വായിക്കാൻ അനുവദിക്കുന്നത് പല കുഴപ്പങ്ങൾക്കും കാരണമായേക്കുമെന്ന് ന്യായമായും ആശങ്കകളുണ്ടായി. ഉദാഹരണത്തിന്, ഒരുവൻ അപരന്ന് പഥ്യമല്ലാത്ത രീതിയിൽ പാരായണം ചെയ്യുമ്പോൾ ദിവ്യവചനങ്ങൾ ബോധപൂർവം അലങ്കോലപ്പെടുത്തുകയാണെന്നു ധരിച്ച് പരസ്പരം വഴക്കുണ്ടായേക്കാം. കേവലം ഭാഷാപരമായ ഈ ലഘുവ്യത്യാസങ്ങൾതന്നെ കാലാന്തരത്തിൽ മാറ്റത്തിരുത്തലുകൾക്ക് വാതിൽ തുറന്നുകൊടുത്തെന്നും വരാം; അറബി-അനറബി സങ്കലനംകൊണ്ട് ഭാഷാവൈകൃതം സംഭവിച്ചാൽ വികലഭാഷയിൽ കൈകാര്യം ചെയ്യുകമൂലം ഖുർആന്റെ ഭാഷാഭംഗി വിനഷ്ടമാവുകയും ചെയ്തേക്കാം. ഈ വക കാരണങ്ങളാൽ, ഖലീഫ അബൂബക്റിന്റെ നിർദേശപ്രകാരം ആധികാരികമായി രേഖപ്പെടുത്തപ്പെട്ട ഖുർആന്റെ അംഗീകൃതകോപ്പിയുടെ ശരിപ്പകർപ്പുകൾ മാത്രമേ ഇസ്‌ലാമിക രാഷ്ട്രാതിർത്തിക്കുള്ളിലെവിടെയും പ്രസിദ്ധീകരിക്കാൻ പാടുള്ളൂവെന്നും ഉച്ചാരണഭേദങ്ങളോടെ എഴുതപ്പെട്ട എല്ലാ മുസ്ഹഫുകളുടെയും പ്രസാധനം നിരോധിക്കണമെന്നും ഹദ്റത് ഉസ്മാൻ പ്രമുഖ സ്വഹാബികളുമായി കൂടിയാലോചിച്ച് തീരുമാനിച്ചു.

ഉസ്മാൻ, ഔദ്യോഗികതലത്തിൽ പകർത്തിച്ച് നാനാരാജ്യങ്ങളിലേക്കും കോപ്പികൾ അയച്ചുകൊടുത്തിരുന്ന, സ്വിദ്ദീഖുൽ അക്ബറിന്റെ ആധികാരിക മുസ്ഹഫുമായി പ്രത്യക്ഷരം യോജിച്ചതത്രേ ഇപ്പോൾ നമ്മുടെ കൈയിലിരിക്കുന്ന ഖുർആൻ. ലോകത്തിന്റെ പല ഭാഗങ്ങളിൽ പ്രസ്തുത ആധികാരിക കോപ്പികൾ ഇന്നും സ്ഥിതിചെയ്യുന്നുണ്ട്. ഖുർആന്റെ സുരക്ഷിതത്വത്തിൽ ആർക്കെങ്കിലും അണുവോളം സംശയമുണ്ടെങ്കിൽ സംശയനിവൃത്തിവരുത്തുക സുസാധ്യമാണ്. പശ്ചിമാഫ്രിക്കയിലെ പുസ്തകക്കടയിൽനിന്ന് ഒരു കോപ്പി വാങ്ങി, ജാവയിൽ ഖുർആൻ മനഃപാഠമാക്കിയ ഒരാൾ പാരായണം ചെയ്യുന്നതുമായി അതിനെ തട്ടിച്ചുനോക്കട്ടെ; അഥവാ, ലോകത്തിലെ വൻകിട ലൈബ്രറികളിൽ സൂക്ഷിച്ചിരിക്കുന്ന, ഖലീഫാ ഉസ്മാന്റെ കാലം തൊട്ടിന്നോളം പല നൂറ്റാണ്ടുകളിൽ എഴുതപ്പെട്ട മുസ്ഹഫുകളുമായൊത്തുനോക്കട്ടെ. ആരെങ്കിലും വള്ളിപുള്ളി വ്യത്യാസം കാണുന്ന പക്ഷം, ചരിത്രപ്രധാനമായ ആ മഹാ കണ്ടുപിടിത്തം ലോകത്തെ അറിയിക്കാൻ തീർച്ചയായും അയാൾ ബാധ്യസ്ഥനാണ്!

ഖുർആൻ ദൈവദത്തമായ ഗ്രന്ഥമോ എന്ന് ഒരാൾക്ക് സംശയിക്കാൻ സ്വാതന്ത്ര്യമുണ്ട്; പക്ഷേ, നമ്മുടെ കൈവശമിരിക്കുന്ന ഖുർആൻ ഒരു

ഏറ്റക്കുറച്ചിലുമില്ലാതെ, മുഹമ്മദ്നബി ലോകസമക്ഷം സമർപ്പിച്ചിരുന്ന ഖുർആൻതന്നെ എന്ന വസ്തുത ഒട്ടും സംശയത്തിനിടമില്ലാത്ത ചരിത്ര യാഥാർഥ്യം മാത്രമാണ്. മാനവചരിത്രത്തിൽ ഇത്രമേൽ സ്ഥിരപ്പെട്ട മറ്റൊരുകാര്യവും കാണുകയില്ല. ഇതിന്റെ സുബദ്ധതയിൽ സംശയംപുലർത്തുന്ന ഒരാൾക്ക്, റോമൻ എംപയർ എന്നൊരു സാമ്രാജ്യം ലോകത്തുണ്ടായിരുന്നോ എന്നും മുഗളന്മാർ ഇന്ത്യ ഭരിച്ചിരുന്നോ എന്നും നെപ്പോളിയൻ എന്നൊരാൾ ജീവിച്ചിരുന്നോ എന്നും സംശയിക്കാവുന്നതാണ്. ഇത്തരം ചരിത്ര യാഥാർഥ്യങ്ങളിൽ സംശയം പ്രകടിപ്പിക്കുന്നത് അറിവിന്റെയല്ല, അറിവുകേടിന്റെ ലക്ഷണമാണ്.

## പഠനരീതി

വിശുദ്ധ ഖുർആൻ പോലൊരു ഗ്രന്ഥത്തെ അനേകായിരമാളുകൾ അനേകം ഭിന്ന ഉദ്ദേശ്യങ്ങളോടെ സമീപിക്കുക സ്വാഭാവികമാണ്. ഈ എല്ലാ തരക്കാരുടേയും ഉദ്ദേശ്യതാൽപര്യങ്ങൾ കണക്കിലെടുത്ത് ഉപദേശം നൽകുക സാധ്യമായ കാര്യമല്ല. അന്വേഷകരുടെ ഈ ഘോഷയാത്രയിൽ, ഖുർആൻ മനസ്സിലാക്കാനും മനുഷ്യന്റെ ജീവിതപ്രശ്നങ്ങളിൽ എന്തു മാർഗനിർദേശമാണത് നൽകുന്നതെന്നറിയാനും ആഗ്രഹിക്കുന്ന സത്യാന്വേഷകരിൽ മാത്രമേ എനിക്ക് താൽപര്യമുള്ളൂ. അങ്ങനെയുള്ളവർക്ക് ഖുർആൻ പഠനസംബന്ധമായി ചില ഉപദേശങ്ങൾ നൽകാനും പൊതുവിൽ ഈ വിഷയകമായി നേരിടാവുന്ന ചില പ്രയാസങ്ങൾ പരിഹരിക്കാനും ഞാൻ ശ്രമിക്കാം:

ഒരാൾ-ഖുർആനിൽ വിശ്വസിക്കട്ടെ, വിശ്വസിക്കാതിരിക്കട്ടെ-ഈ ഗ്രന്ഥം മനസ്സിലാക്കാൻ യഥാർഥത്തിലാഗ്രഹിക്കുന്നുവോ? എങ്കിലാദ്യം, നേരത്തേ രൂപവത്കൃതമായ ധാരണകളിൽനിന്നും സിദ്ധാന്തങ്ങളിൽനിന്നും അനുകൂലമോ പ്രതികൂലമോ ആയ താൽപര്യങ്ങളിൽനിന്നും മനസ്സിനെ സാധ്യമാകുന്നിടത്തോളം മുക്തമാക്കുക; ഗ്രഹിക്കാനുദ്ദേശിച്ചുമാത്രം തുറന്നഹൃദയത്തോടെ പഠനം ആരംഭിക്കുക. അങ്ങനെയല്ലാതെ, ചില പ്രത്യേക ചിന്താഗതികൾ മനസ്സിൽവെച്ച് പാരായണം ചെയ്യുന്നവർ ഖുർആന്റെ വരികളിൽ സ്വന്തം ചിന്താഗതികളാണ് വായിക്കുക. ഖുർആന്റെ ഗന്ധംപോലും അവരെ സ്പർശിക്കുകയില്ല. ഒരു ഗ്രന്ഥത്തെ സംബന്ധിച്ചും ആശാസ്യമല്ല ഈ പഠനരീതി. വിശേഷിച്ച്, ഖുർആൻ ഇത്തരം വായനക്കാർക്ക് അതിന്റെ ആശയപ്രപഞ്ചത്തിലേക്ക് വാതിൽ തുറന്നുകൊടുക്കുകയേ ഇല്ല.

ഖുർആനിൽ സാമാന്യമായൊരു ജ്ഞാനം മാത്രമേ ഒരാൾക്കുദ്ദേശ്യമുള്ളൂവെങ്കിൽ ഒരാവൃത്തി വായിച്ചാൽ മതിയെന്നുവരാം. എന്നാൽ ആ മഹദ്ഗ്രന്ഥത്തിന്റെ ആഴങ്ങളിലിറങ്ങിച്ചെല്ലാനാഗ്രഹിക്കുന്നവർ രണ്ടോ നാലോ തവണ വായിച്ചാലും മതിയാകുന്നതല്ല. പല പ്രാവശ്യം, ഓരോ തവണയും ഓരോ പ്രത്യേക രീതിയിൽ വായിക്കേണ്ടതുണ്ട്. ഒരു വിദ്യാർഥിയെപ്പോലെ പെൻസിലും നോട്ടുബുക്കും കൈയിൽ കരുതി ആവശ്യമായ പോയന്റുകൾ

കുറിച്ചെടുക്കുകയും വേണം.

ഇപ്രകാരം വായിക്കാൻ സന്നദ്ധതയുള്ളവർ, ഖുർആൻ ഉന്നയിക്കുന്ന ചിന്താ-കർമ പദ്ധതികളെക്കുറിച്ച് പൊതുവായൊരു വീക്ഷണം ഉദ്ദേശിച്ചു കൊണ്ടുമാത്രം രണ്ടുതവണയെങ്കിലും ആദ്യന്തം വായിക്കേണ്ടതാണ്. ഈ പ്രാരംഭ പാനമധ്യേ ഖുർആന്റെ സമ്പൂർണചിത്രം സമഗ്രമായൊന്നു നിരീക്ഷിക്കുക. അതുന്നയിക്കുന്ന മൗലിക സിദ്ധാന്തങ്ങൾ എന്തെല്ലാമാണെന്ന് കാണുക. അവയിൽ പ്രതിഷ്ഠിതമാകുന്ന ജീവിത വ്യവസ്ഥിതിയുടെ സ്വഭാവമെന്താണെന്ന് മനസ്സിലാക്കാനും കൂടി ശ്രദ്ധിക്കേണ്ടതാണ്. ഇതിനിടയിൽ വല്ലേടത്തും വല്ല ചോദ്യവും മനസ്സിലുദിക്കുന്ന പക്ഷം അതെപ്പറ്റി അപ്പോൾ അവിടെവെച്ചുതന്നെ ധൃതിപ്പെട്ട് തീരുമാനമെടുക്കാതെ, അത് കുറിച്ചുവെക്കുകയും ക്ഷമാപൂർവം വായന തുടരുകയും ചെയ്യുക; തീർച്ചയായും മുന്നോട്ടെവിടെയെങ്കിലും അതിന്നുള്ള മറുപടി ലഭിക്കാനാണ് സാധ്യത. മറുപടി ലഭിച്ചുകഴിഞ്ഞാൽ ചോദ്യത്തോടൊപ്പം അതും കുറിച്ചുവെക്കുക. അഥവാ, പ്രഥമ വായനയിൽ തന്റെ ചോദ്യത്തിനുത്തരം ലഭിച്ചില്ലെങ്കിൽ ക്ഷമാപൂർവം രണ്ടാമതും വായിച്ചുനോക്കുക. സ്വാനുഭവം വെച്ചുപറഞ്ഞാൽ, അവഗാഹമായ രണ്ടാമത്തെ പാരായണത്തിൽ അപൂർവമായി മാത്രമേ ഏതെങ്കിലും ചോദ്യത്തിനുത്തരം ലഭിക്കാതിരുന്നിട്ടുള്ളൂ.

## സവിസ്തര പഠനം

ഇവ്വിധം ഖുർആനെക്കുറിച്ച് ഒരു സമഗ്രവീക്ഷണം സാധിച്ചശേഷം സവിസ്തരമായ പഠനം ആരംഭിക്കേണ്ടതാകുന്നു. ഇവിടെ വായനക്കാരൻ ഖുർആനിക ശിക്ഷണങ്ങളുടെ ഓരോ വശവും പഠിച്ച് നോട്ടുചെയ്യേണ്ടതാണ്. ഉദാഹരണമായി, മാനുഷ്യകത്തിന്റെ ഏത് മാതൃകയാണ് ഖുർആൻ അഭിലഷണീയമായിക്കാണുന്നതെന്നും ഏതു മാതൃകയിലുള്ള മനുഷ്യനാണതിന്റെ ദൃഷ്ടിയിൽ അനഭിലഷണീയനെന്നും മനസ്സിലാക്കാനാഗ്രഹിക്കുന്നുവെന്നിരിക്കട്ടെ, വിഷയം സുഗ്രഹമാകേണ്ടതിനായി, അഭിലഷണീയവും അനഭിലഷണീയവുമായ മനുഷ്യമാതൃകകളുടെ ഭിന്ന സവിശേഷതകൾ തന്റെ നോട്ട് ബുക്കിൽ കുറിച്ചുവെക്കേണ്ടതാണ്. അപ്രകാരംതന്നെ ഖുർആനിക വീക്ഷണത്തിൽ മനുഷ്യമോക്ഷത്തിനു നിദാനമായ കാര്യങ്ങളേതെല്ലാമാണെന്ന് അറിയുകയാണുദ്ദേശ്യമെന്നിരിക്കട്ടെ, ഇതും വ്യക്തതയോടെ വിശദമായി അറിയാനുള്ള ക്രമം, തന്റെ നോട്ടിൽ മോക്ഷഹേതുക്കളെന്നും നാശഹേതുക്കളെന്നും രണ്ടു ശീർഷകങ്ങൾ പരസ്പരാഭിമുഖമായി കുറിക്കുകയും ദിവസേന ഖുർആൻ പാരായണ മധ്യേ രണ്ടുതരം കാര്യങ്ങളും നോട്ടുചെയ്തുപോരുകയുമാകുന്നു. ഇങ്ങനെ വിശ്വാസം, സദാചാരം,അവകാശബാധ്യതകൾ, സാമൂഹികത, നാഗരികത, സാമ്പത്തികം, രാഷ്ട്രീയം, നിയമം, സംഘടന, യുദ്ധം, സന്ധി എന്നുവേണ്ട ജീവിതപ്രശ്നങ്ങളോരോന്നിനെക്കുറിച്ചുമുള്ള ഖുർആനികാധ്യാപനങ്ങൾ കുറിച്ചുവെക്കുകയും ഓരോ ജീവിതമേഖലയുടെയും പൊതുവായ ചിത്രമെന്തെന്നും ആ എല്ലാ

ചിത്രങ്ങളും സമുച്ചയിക്കപ്പെടുമ്പോൾ രൂപപ്പെടുന്ന സമ്പൂർണ ജീവിതചിത്രം മനസ്സിലാക്കാൻ ശ്രദ്ധിക്കുകയും വേണ്ടതാണ്.

ഇനി, ഏതെങ്കിലും ഒരു പ്രത്യേക ജീവിതപ്രശ്നത്തിൽ ഖുർആന്റെ വീക്ഷണഗതി കണ്ടെത്താനാണ് ഒരാൾക്ക് ഉദ്ദേശ്യമെങ്കിൽ അതിന് ഏറ്റവും മെച്ചമായ പഠനരീതി ഇതാണ്: ആദ്യമായി ബന്ധപ്പെട്ട പ്രശ്നം എന്താണെന്ന്, തദ്വിഷയകമായുള്ള പ്രാചീനവും ആധുനികവുമായ ഗ്രന്ഥങ്ങൾ ആഴത്തിൽ പഠിച്ച് വിലയിരുത്താൻ ശ്രദ്ധിക്കുക; പ്രശ്നത്തിന്റെ മൗലിക ബിന്ദുക്കൾ എന്തെല്ലാമാണ്? മനുഷ്യർ തദ്സംബന്ധമായി ഇന്നോളം എന്തെല്ലാം ചിന്തിക്കുകയും ഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്? എന്നിട്ടും അപരിഹാര്യമായി അവശേഷിക്കുന്ന വസ്തുതകൾ എന്തെല്ലാം? പ്രശ്നത്തിൽ എവിടെച്ചെന്നാണ് മനുഷ്യചിന്ത ഗതിമുട്ടിനിൽക്കുന്നത്? എന്നെല്ലാം വ്യക്തമായി മനസ്സിലാക്കുക; അനന്തരം, പരിഹാരാർഹങ്ങളായ പ്രശ്നങ്ങൾ മുമ്പിൽവെച്ച് ഖുർആൻ പാരായണം ചെയ്യുക. ഇങ്ങനെയൊരു പ്രശ്നത്തിന്റെ പരിഹാരാർഥം ഖുർആൻ വായിക്കാനിരുന്നാൽ അതിനുമുമ്പ് പലവട്ടം വായിച്ചിരിക്കാവുന്ന സൂക്തങ്ങളിൽത്തന്നെ ബന്ധപ്പെട്ട ചോദ്യങ്ങൾക്കുള്ള മറുപടി ലഭിക്കുമെന്നതാണ് വ്യക്തിപരമായി എന്റെ അനുഭവം. ഈയൊരു വിഷയവും അവിടെ മറഞ്ഞിരിപ്പുണ്ടായിരുന്നു എന്ന ചിന്ത അതിന് മുമ്പൊരിക്കലും മനസ്സിലുദിച്ചിരിക്കയേ ഇല്ല!

## പഠനം പ്രയോഗവത്കരണത്തിലൂടെ

ഈ പഠനമാർഗങ്ങളെല്ലാം അവലംബിച്ചാലും, ഖുർആൻ വന്നത് എന്തിന് വേണ്ടിയാണോ ആ പ്രവർത്തനം സ്വയം നടത്താതിരിക്കുന്നിടത്തോളം ഖുർആനിന്റെ ചൈതന്യം പൂർണമായി ഉൾക്കൊള്ളാനാവുകയില്ല. ഈസീ ചെയറിലിരുന്നു വായിച്ചു ഗ്രഹിക്കാൻ പറ്റുന്ന തരത്തിലുള്ള, കേവലമായ ആദർശ-സിദ്ധാന്തങ്ങളുടെ ഗ്രന്ഥമല്ല ഖുർആൻ. നേരത്തേ സൂചിപ്പിച്ചതുപോലെ, പൊതുവെ ലോകത്തറിയപ്പെടുന്ന മതസങ്കൽപങ്ങൾക്കനുസൃതമായ തനി മതഗ്രന്ഥവുമല്ല. അതിനാൽ പള്ളികളിലും പള്ളിക്കൂടങ്ങളിലും വെച്ച് അതിലെ യുക്തി- ജ്ഞാന-രഹസ്യങ്ങളെല്ലാം ചുരുളഴിച്ചുകളയാമെന്ന് കരുതുന്നതും ശരിയല്ല. ഖുർആൻ പ്രബോധനഗ്രന്ഥമാണ്; പ്രസ്ഥാനത്തിന്റെ മാർഗദർശക ഗ്രന്ഥമാണ്. അത് വന്നപാടേ, നിശ്ശബ്ദ പ്രകൃതനായ ഒരു നല്ല മനുഷ്യനെ ഏകാന്തതയിൽനിന്നു പുറത്തുകൊണ്ടുവന്നു; ദൈവധിക്കാരിയായ ലോകത്തിന്നഭിമുഖമായി നിർത്തി; അസത്യത്തിനെതിരിൽ ശക്തിയായി ശബ്ദമുയർത്താൻ അദ്ദേഹത്തെ പ്രാപ്തനാക്കി. അവിശ്വാസത്തിന്റെയും അധർമത്തിന്റെയും ധ്വജവാഹകർക്കെതിരെ അദ്ദേഹത്തെ സമരരംഗത്തിറക്കി. ഓരോ വീട്ടിൽനിന്നും ശുദ്ധപ്രകൃതരും നിസ്വാർഥരുമായ നല്ല മനുഷ്യരെ ആ ഗ്രന്ഥം ആകർഷിക്കുകയും അവരെയെല്ലാം പ്രവാചകന്റെ കൊടിക്കൂറക്കുകീഴിൽ ഏകീകരിക്കുകയും ചെയ്തു. നാട്ടിന്റെ എല്ലാ മുക്കുമൂലകളിലും കലഹകുതുകികളായ തിന്മയുടെ ശക്തികളെ അത് ഇളക്കി

വിട്ടു. സത്യസേവകർക്കെതിരെ അവരെ യുദ്ധത്തിനിറക്കി.

ഒരു വ്യക്തിയുടെ ആഹ്വാനത്തിൽനിന്ന് പ്രവർത്തനമാരംഭിച്ച ഈ ഗ്രന്ഥം, നീണ്ട ഇരുപത്തിമൂന്നു വർഷം, ദൈവികരാഷ്ട്രത്തിന്റെ സംസ്ഥാപനം വരെ, ആ മഹൽപ്രസ്ഥാനത്തിന് മാർഗനിർദേശം നൽകിക്കൊണ്ടിരുന്നു. സത്യവും അസത്യവുമായി നെടുനാളത്തെ ഘോര സമരങ്ങളുടെ ഓരോ ഘട്ടത്തിലും നിർണായകമായ ഓരോ വഴിത്തിരിവിലും അത് സംഹാര-നിർമാണങ്ങളുടെ രൂപരേഖ വരച്ചുകാട്ടി.

നാമാകട്ടെ, വിശ്വാസവും അവിശ്വാസവും തമ്മിലുള്ള സംഘട്ടനത്തിൽ, ഇസ്‌ലാമിന്റെയും ജാഹിലിയ്യതിന്റെയും രണാങ്കണത്തിൽ കാലെടുത്തു വെക്കുകപോലും ചെയ്യുന്നില്ല. പ്രസ്തുത സമരത്തിന്റെ ഒരു ഘട്ടത്തിലൂടെയും കടന്നുപോകാൻ നമുക്ക് സന്ദർഭമുണ്ടാകുന്നില്ല എന്നിരിക്കെ, ഖുർആന്റെ പദങ്ങൾ വായിച്ചതുകൊണ്ടു മാത്രം ആ ജീവൽ ഗ്രന്ഥത്തിലെ യാഥാർഥ്യങ്ങളെല്ലാം നമുക്കെങ്ങനെ അനാവരണം ചെയ്യപ്പെടും? ഖുർആൻ പൂർണമായി മനസ്സിലാക്കാൻ, അതും കൈയിലേന്തി കർമരംഗത്തിറങ്ങുകയും സത്യപ്രബോധനദൗത്യം നിർവഹിച്ചുതുടങ്ങുകയും നാനാ ജീവിത മേഖലകളിൽ ഖുർആനിക മാർഗനിർദേശങ്ങൾക്കനുസൃതമായി മുന്നോട്ടു നീങ്ങുകയും വേണ്ടതാകുന്നു. അപ്പോൾ ഖുർആന്റെ അവതരണഘട്ടത്തിൽ നേരിട്ട എല്ലാ അനുഭവങ്ങളും പരീക്ഷണങ്ങളും നമുക്കും നേരിടേണ്ടിവരുന്നതാണ്. മക്കയുടെ, അബിസീനിയയുടെ, ത്വാഇഫിന്റെ രംഗങ്ങൾ നമുക്ക് ദൃശ്യമാകും; ബദ്‌റും ഉഹുദും മുതൽ ഹുനൈനും തബൂകും വരെ എല്ലാ ഘട്ടങ്ങളും നമ്മുടെ മുന്നിലൂടെ കടന്നുപോകും; വഴിമധ്യേ അബൂജഹ്‌ലിനെയും അബൂലഹബിനെയും നാം കണ്ടുമുട്ടും; കപടവിശ്വാസികളും യഹൂദന്മാരും നമ്മോടെതിരിടും; പ്രഥമവിശ്വാസികൾ മുതൽ അമുസ്‌ലിം അനുഭാവികൾ വരെ, പല മാതൃകയിലുള്ള മനുഷ്യരുമായി നമുക്കിടപെടേണ്ടതായിവരും.

തീർച്ചയായും ഇതൊരു പ്രത്യേകതരം 'ജ്ഞാനമാർഗം'തന്നെയാണ്. ഖുർആനിക മാർഗമെന്ന് ഞാനതിനെ വിശേഷിപ്പിക്കട്ടെ. ഈ ജ്ഞാനമാർഗത്തിൽ ഏത് ഘട്ടത്തിലൂടെ നാം കടന്നുപോകുമ്പോഴും ഖുർആനിലെ ചില സൂക്തങ്ങളും അധ്യായങ്ങളും മുന്നോട്ടുവന്ന്, അവ ആ ഘട്ടത്തിൽ അവതരിച്ചതാണെന്നും ഇന്നയിന്ന മാർഗനിർദേശങ്ങളുമായി അവതരിച്ചതാണെന്നും നമ്മോട് പറയുന്നുവെന്നത് ഇതിന്റെ ഒരു സവിശേഷതയത്രെ. ഇവിടെ ഭാഷയും വ്യാകരണവുമായും സാഹിത്യാംശങ്ങളുമായും ബന്ധപ്പെട്ട എന്തെങ്കിലും സൂചനകൾ അനുവാചക ദൃഷ്ടിയിൽ പക്ഷേ, പെട്ടില്ലെന്ന് വരാമെങ്കിലും ഖുർആൻ അതിന്റെ അന്തഃസത്ത ആ ജ്ഞാനപഥികനു പകർന്നുകൊടുക്കുന്നതിൽ ഒട്ടുംതന്നെ പിശുക്കു കാട്ടുകയില്ലെന്ന് തീർച്ച.

ഈ പൊതുതത്ത്വമനുസരിച്ച്, ഖുർആന്റെ നിയമവിധികളും ധാർമിക-

സദാചാര ശിക്ഷണങ്ങളും സാമ്പത്തിക-സാമൂഹികാധ്യാപനങ്ങളും നാനാ ജീവിതമേഖലകളെ സ്പർശിക്കുന്ന മൗലികസിദ്ധാന്തങ്ങളും, അവയെല്ലാം അതത് വേദികളിൽ പ്രാവർത്തികമാക്കുമ്പോഴല്ലാതെ യഥായോഗ്യം മനസ്സിലാവുകയില്ല. സ്വകാര്യജീവിതത്തിൽ ഖുർആനെ പിന്തുടരാത്ത ഒരു വ്യക്തിക്കും, തങ്ങളുടെ സാമൂഹികസ്ഥാപനങ്ങളെല്ലാം ഖുർആനിക നയത്തിനു വിപരീതമായി നടത്തിക്കൊണ്ടിരിക്കുന്ന ഒരു സമുദായത്തിനും ഈ ഗ്രന്ഥം ഗ്രഹിക്കുക സാധ്യമല്ല; അവർ മാറ്റത്തിനു തയ്യാറല്ലെങ്കിൽ!

## മാനുഷ്യകത്തിന് മാർഗദർശകം

ഖുർആൻ അഖില മനുഷ്യരാശിയുടെ മാർഗദർശനത്തിനായി വന്നതാണെന്ന അതിന്റെ അവകാശവാദം സുവിദിതമാണ്. എന്നാൽ, അവതരണ കാലഘട്ടത്തിലെ അറബികളോടാണ് ഏറിയകൂറും അതിന്റെ സംബോധന യെന്നത്രേ ഖുർആൻ വായിച്ചുനോക്കുന്ന ഒരാൾക്ക് കാണാൻകഴിയുന്നത്. ചിലപ്പോഴൊക്കെ അത് മാനവകുലത്തെ പൊതുവായി ആഹ്വാനം ചെയ്യുന്നുവെങ്കിലും അറബികളുടെ അഭിരുചികളും ആചാരവിചാരങ്ങളുമായി, അറേബ്യയുടെ അന്തരീക്ഷവും ചരിത്രപശ്ചാത്തലവുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ഖുർആന്റെ പ്രതിപാദനങ്ങളധികവും. ഇതൊക്കെ കാണുമ്പോൾ മനുഷ്യവർഗത്തിന് മാർഗദർശകമായി വന്ന ഒരു ഗ്രന്ഥത്തിൽ ഇത്രയേറെ ആനുകാലികതയും ദേശീയ-സാമുദായികച്ചുവയും എന്തുകൊണ്ടാണെന്ന് വായനക്കാരൻ ചിന്തിച്ചുപോവുന്നു. പ്രശ്നത്തിന്റെ ശരിയായ സ്വഭാവം മനസ്സിലാകാത്തതിന്റെ ഫലമായി, ഖുർആൻ സമകാലികരായ അറബികളുടെ ഉദ്ധാരണാർഥം അവതരിപ്പിച്ചതാണെന്നും പിന്നീടതിനെ വലിച്ചുനീട്ടി മാനുഷ്യകത്തിന്റെ ശാശ്വത മാർഗദർശകഗ്രന്ഥമായി പ്രതിഷ്ഠിച്ചതായിരിക്കണമെന്നും അയാൾ സംശയിക്കാനിടവരുന്നു.

കേവലം വിമർശിക്കാൻ വേണ്ടി വിമർശിക്കുന്നവരുടെ കാര്യം ഇരിക്കട്ടെ; പ്രശ്നം യഥാർഥമായും മനസ്സിലാക്കാൻ ഉദ്ദേശിക്കുന്നവരോട് എനിക്ക് ഉപദേശിക്കാനുള്ളത്, ആദ്യമായി ഖുർആൻ ഒന്നുകൂടി വായിച്ചുനോക്കണമെന്നാണ്. അറബികൾക്ക് പ്രത്യേകമെന്നോ സ്ഥലകാലപരിതഃസ്ഥിതികൾ കൊണ്ട് പരിമിതമെന്നോ സത്യത്തിൽ തോന്നാവുന്ന വല്ല ആദർശസിദ്ധാന്തവും ഖുർആൻ ഉന്നയിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെ വല്ല സദാചാരതത്ത്വമോ നിയമചട്ടമോ വിവരിച്ചിട്ടുണ്ടെങ്കിൽ അതത് സ്ഥാനങ്ങളിൽ അതെല്ലാം ഒന്ന് അടയാളപ്പെടുത്തട്ടെ.

ഒരു പ്രത്യേക ഭൂഭാഗത്തിലെയും കാലഘട്ടത്തിലെയും ജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് അവരുടെ ബഹുദൈവത്വപരമായ വിശ്വാസാചാരങ്ങളെ ഖണ്ഡിക്കുന്നുവെന്നതും, ന്യായസമർഥനത്തിന് അവർക്കു ചുറ്റിലുമുള്ള വസ്തുതകളവലംബിച്ചുകൊണ്ട് ഏകദൈവത്വത്തെ സ്ഥാപിക്കുന്നുവെന്നതും ഖുർആന്റെ സന്ദേശം കാലികമോ പ്രാദേശികമോ ആണെന്ന് വിധികൽപിക്കാൻ മതിയായ കാരണങ്ങളല്ല.

പരിഗണനീയമായ വസ്തുത ഇതാണ്: ബഹുദൈവത്വഖണ്ഡനമായി ഖുർആൻ ഉന്നയിക്കുന്ന കാര്യങ്ങൾ അറേബ്യൻ മുശ്രിക്കുകളുടെയെന്ന പോലെ ലോകത്തിലെ മറ്റേതു ബഹുദൈവത്വവിശ്വാസത്തിനും തുല്യനില യിൽ ബാധകമാകുന്നില്ലേ? അപ്രകാരംതന്നെ, ഏകദൈവത്വ സ്ഥാപനത്തിന് ഖുർആൻ സമർപ്പിച്ച ന്യായങ്ങൾ സ്ഥലകാലപരമായ ചില്ലറ നീക്കുപോ ക്കുകളോടെ എല്ലാ കാലദേശങ്ങളിലും പ്രയോജനപ്രദമല്ലേ. 'അതെ' എന്നാണ് മറുപടിയെങ്കിൽ, ഒരു പ്രത്യേക കാലഘട്ടത്തിൽ ഒരു പ്രത്യേക സമുദായത്തെ അഭിമുഖീകരിച്ച് ഉന്നീതമായി എന്നതുകൊണ്ടുമാത്രം ഒരു സാർവലൗകികസന്ദേശത്തെ കാലികവും പ്രാദേശികവുമായി മുദ്രകുത്താൻ ഒരു ന്യായീകരണവുമില്ല. ആദ്യന്തം നിരപേക്ഷമായി (Abstract) ഉന്നയിക്ക പ്പെട്ടതും ഏതെങ്കിലുമൊരു പരിതഃസ്ഥിതിയുമായി സംയോജിപ്പിക്കാതെ വിശ ദീകരിക്കപ്പെട്ടതുമായ ഒരു പ്രത്യയശാസ്ത്രവും ജീവിതവ്യവസ്ഥയും ചിന്താ പ്രസ്ഥാനവും ഇന്നോളം ലോകത്തുണ്ടായിട്ടില്ലെന്നതാണ് പരമാർഥം. ഒന്നാമത്: അത്രമേൽ സമ്പൂർണമായ നിരപേക്ഷത സാധ്യമല്ല. സാധ്യമെ ങ്കിൽത്തന്നെ, ആ രീതിയിൽ ഉന്നീതമായ ആദർശസിദ്ധാന്തങ്ങൾ ഗ്രന്ഥ ത്താളുകളിൽ അവശേഷിക്കുകയല്ലാതെ തലമുറകളുടെ ജീവിതത്തിൽ അലി ഞ്ഞുചേർന്ന് പ്രായോഗിക ജീവിതവ്യവസ്ഥയായി രൂപംകൊള്ളുക തീരെ അസംഭവ്യവുമാണ്.

ചിന്താപരവും ധാർമികവും നാഗരികവുമായ ഒരു പ്രസ്ഥാനത്തെ രാഷ് ട്രാന്തരീയ തലത്തിൽ പ്രചരിപ്പിക്കുക ലക്ഷ്യമാണെങ്കിൽ തുടക്കത്തിൽ ത്തന്നെ അതിനെ തികച്ചും രാഷ്ട്രാന്തരീകരിക്കാൻ ശ്രമിച്ചുകൊള്ളണമെ ന്നില്ല. അത് ഫലപ്രദവുമല്ല എന്നതാണ് പരമാർഥം. മാനവജീവിത വ്യവസ്ഥി തിക്കടിസ്ഥാനമായി ആ പ്രസ്ഥാനം ഉന്നയിക്കുന്ന ആദർശസിദ്ധാന്തങ്ങ ളെയും മൗലികതത്ത്വങ്ങളെയും പ്രസ്ഥാനത്തിന്റെ ജന്മഭൂമിയിൽത്തന്നെ പൂർണശക്തിയോടെ സമർപ്പിക്കുകയാണ് യഥാർഥത്തിലേറ്റവും ശരിയായ മാർഗം. ആരുടെ ഭാഷയും ആചാര-വിചാരങ്ങളും സ്വഭാവചര്യകളുമായി പ്രസ്ഥാനനായകൻ ഇഴുകിച്ചേർന്നിരിക്കുന്നുവോ ആ ജനതയുടെ മനസ്സിൽ അതിനെ കരുപ്പിടിപ്പിക്കുകയെന്നതാവണം അയാളുടെ പ്രഥമപ്രവർത്തനം. അങ്ങനെ തന്റെ സിദ്ധാന്തങ്ങൾ സ്വന്തം നാട്ടിൽ പ്രാവർത്തികമാക്കുകയും തദടിസ്ഥാനത്തിൽ ഒരു ജീവിതവ്യവസ്ഥ വിജയകരമായി കെട്ടിപ്പടുക്കുകയും ചെയ്യുകവഴി ലോകത്തിന്റെ മുമ്പിൽ ഒരു മാതൃക സമർപ്പിക്കുകയാണ് കരണീയമായിട്ടുള്ളത്. അപ്പോൾ, അന്യരാജ്യങ്ങളും ജനങ്ങളും അങ്ങോട്ട് ശ്രദ്ധതിരിക്കും. ചിന്താശീലരായ ആളുകൾ മുന്നോട്ടുവന്ന് പ്രസ്ഥാനത്തെ മനസ്സിലാക്കാനും അവരവരുടെ നാടുകളിൽ അതിനെ നടപ്പിൽവരുത്താനും ശ്രമിക്കുന്നതാണ്.

ചുരുക്കത്തിൽ, ഒരു ചിന്താ-കർമപദ്ധതി ആരംഭത്തിൽ ഒരു പ്രത്യേക ജനതയിൽ സമർപ്പിക്കപ്പെട്ടതും ന്യായസമർഥനശേഷി മുഴുക്കെ ആ ജനതയെ ബോധവാന്മാരാക്കാൻ നിയോഗിക്കപ്പെട്ടതും പ്രസ്തുത പദ്ധതി

കേവലം സാമുദായികമോ ദേശീയമോ ആയിരുന്നുവെന്നതിന് തെളിവാകുന്നില്ല. ഒരു ദേശീയ-സാമുദായിക വ്യവസ്ഥയെ സാർവദേശീയവും സാർവജനീനവുമായ വ്യവസ്ഥയിൽനിന്നും സാമയികമായ ഒരു വ്യവസ്ഥയെ ശാശ്വതസ്വഭാവമുള്ള ഒരു വ്യവസ്ഥയിൽനിന്നും വേർതിരിക്കുന്ന സവിശേഷതകൾ യഥാർഥത്തിൽ ഇവയാണ്:

ദേശീയ-സാമുദായികവ്യവസ്ഥ ഒരു ദേശത്തിന്റെയും സമുദായത്തിന്റെയും അഭ്യുന്നതിക്കുവേണ്ടിയും അവരുടെ പ്രത്യേക അവകാശതാൽപര്യങ്ങൾക്കുവേണ്ടിയും വാദിക്കുന്നു; ഇതര ജനസമുദായങ്ങളിൽ പ്രാവർത്തികമാക്കാനരുതാത്ത ആദർശ-സിദ്ധാന്തങ്ങളെയായിരിക്കും അതു പ്രതിനിധാനം ചെയ്യുന്നത്. ഇതിന് വിപരീതമായി, സാർവദേശീയ വ്യവസ്ഥ എല്ലാ മനുഷ്യർക്കും തുല്യപദവിയും തുല്യാവകാശങ്ങളും വാഗ്ദാനം ചെയ്യുകയും അതിന്റെ ആദർശ- സിദ്ധാന്തങ്ങളിൽ സാർവലൗകികത ഉൾക്കൊള്ളുകയും ചെയ്യുന്നു. അപ്രകാരംതന്നെ, കാലികമായ ഒരു വ്യവസ്ഥ അനിവാര്യമായും കാലത്തിന്റെ ചില തകിടംമറിച്ചിലുകൾക്കും ശേഷം തികച്ചും അപ്രായോഗികമായിത്തീരുന്ന ആദർശ-സിദ്ധാന്തങ്ങളിൽ അധിഷ്ഠിതമായിരിക്കും. എന്നാൽ, മാറിക്കൊണ്ടിരിക്കുന്ന എല്ലാ പരിതോവസ്ഥകൾക്കും അനുയോജ്യമായിരിക്കും, ഒരു ശാശ്വതിക വ്യവസ്ഥയുടെ സിദ്ധാന്തങ്ങൾ.

ഈ പ്രത്യേകതകൾ കണക്കിലെടുത്ത് ഖുർആൻ ഒരാവൃത്തി വായിച്ചുനോക്കുക; എന്നിട്ട് അതുന്നയിച്ച ജീവിതവ്യവസ്ഥ കാലികമോ ദേശീയമോ സാമുദായികമോ ആണെന്ന സങ്കൽപത്തിന് വാസ്തവികമായ വല്ല അടിസ്ഥാനവും കണ്ടെത്താൻ കഴിയുമോ എന്ന് ശ്രദ്ധാപൂർവം ഒന്ന് ശ്രമിച്ചുനോക്കുക!

## വിശദാംശങ്ങളുടെ ഗ്രന്ഥമല്ല

ഖുർആനെപ്പറ്റി, അതൊരു സവിസ്തരമായ സാന്മാർഗിക പുസ്തകവും നിയമസംഹിതയുമാണെന്ന് ഒരു ശരാശരി വായനക്കാരൻ നേരത്തേ ധരിച്ചുവെച്ചിരിക്കുന്നു. പക്ഷേ, അയാളത് വായിച്ചുനോക്കുമ്പോൾ സാമൂഹിക-നാഗരിക-രാഷ്ട്രീയ-സാമ്പത്തികാദി ജീവിതമേഖലകളെക്കുറിച്ച സുവിശദമായ നിയമാവലികൾ അതിൽ കാണുന്നില്ലെന്നു മാത്രമല്ല, ഖുർആൻ ആവർത്തിച്ചൂന്നുന്ന നമസ്കാരം, സകാത് മുതലായ നിർബന്ധ കർമങ്ങളെക്കുറിച്ചുപോലും ആവശ്യമായ വിശദാംശങ്ങളുടെ ഒരു നിയമാവലി അത് സമർപ്പിച്ചിട്ടില്ലെന്നതാണ് വസ്തുത. ഇതും വായനക്കാരന്റെ മനസ്സിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നു. ഖുർആൻ ഏതർഥത്തിലുള്ള സാന്മാർഗിക ഗ്രന്ഥമാണെന്ന് അയാൾ ചിന്തിച്ചുപോകുന്നു.

വസ്തുതയുടെ ഒരു വശം നമ്മുടെ കാഴ്ചപ്പാടിൽ തീരെ പെടാതിരുന്നതാണ് ഈ ചിന്താക്കുഴപ്പങ്ങൾക്കെല്ലാം കാരണമായിരിക്കുന്നത്. ദൈവം ഒരു ഗ്രന്ഥം അവതരിപ്പിക്കുക മാത്രമല്ല ചെയ്തിട്ടുള്ളത്; ആ ഗ്രന്ഥത്തിന്റെ വക്താവും പ്രയോക്താവുമായി ഒരു പ്രവാചകനെ നിയോഗിക്കുകയും

ചെയ്തിരിക്കുന്നു എന്നതാണാവശം. ജനങ്ങൾക്ക് ഒരു പ്ലാൻ നൽകി, തദനുസൃതമായ കെട്ടിടം അവർതന്നെ നിർമിച്ചുകൊള്ളണമെന്നായിരുന്നു ദൈവഹിതമെങ്കിൽ തീർച്ചയായും നിർമാണത്തിന്റെ എല്ലാ വിശദാംശങ്ങളും അവർക്കു ലഭിക്കേണ്ടതുണ്ടായിരുന്നു. പക്ഷേ, നിർമാണസംബന്ധമായ നിർദേശങ്ങൾക്കൊപ്പം ഔദ്യോഗികമായിത്തന്നെ ഒരു എഞ്ചിനീയറെക്കൂടി നിശ്ചയിച്ചുതരുകയും നിർദിഷ്ടപദ്ധതിയനുസരിച്ച് അദ്ദേഹം കെട്ടിടനിർമാണം ഭംഗിയായി പൂർത്തീകരിച്ചുതരുകയും ചെയ്തിട്ടുണ്ടെന്നിരിക്കട്ടെ; എഞ്ചിനീയറെയും അദ്ദേഹത്താൽ നിർമിതമായ കെട്ടിടത്തെയും അവഗണിച്ചുകൊണ്ട്, രൂപരേഖയിൽത്തന്നെ ശാഖാപരമായ വിശദാംശങ്ങൾ അന്വേഷിക്കുന്നതും അതവിടെയില്ലെന്നുകണ്ട് ആ രൂപരേഖയുടെ അപൂർണതയെ പഴിക്കുന്നതും തെറ്റാണ്.

ഖുർആൻ ശാഖോപശാഖകളുടെ ഗ്രന്ഥമല്ല; മൗലികതത്ത്വങ്ങളുടെ ഗ്രന്ഥമാണ്. ഇസ്ലാമിക വ്യവസ്ഥിതിയുടെ ധൈഷണികവും ധാർമികവുമായ അടിത്തറകളെ പൂർണവ്യക്തതയോടെ ഉന്നയിക്കുകയും ബുദ്ധിപരമായ സമർഥനംകൊണ്ടും വൈകാരികമായ സമീപനംകൊണ്ടും അവയെ മേൽക്കുമേൽ ഭദ്രമാക്കുകയുമാണ് അതിന്റെ സാക്ഷാൽ കൃത്യം. അതിനപ്പുറം, ഇസ്ലാമിക ജീവിതത്തിന്റെ പ്രായോഗികരൂപത്തെ സംബന്ധിച്ചേടത്തോളം ഖുർആൻ നൽകുന്ന മാർഗദർശനം ഓരോ ജീവിതത്തെയുംപറ്റി സവിസ്തരം നിയമ-ചട്ടങ്ങൾ പഠിപ്പിച്ചുകൊണ്ടല്ല; പ്രത്യുത, ജീവിതത്തിന്റെ ഓരോ മേഖലയുടെയും നാലതിരുകൾ നിർണയിക്കുകയും ചില പ്രത്യേക സ്ഥാനങ്ങളിൽ പ്രകടമാംവണ്ണം നാഴികക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തുകൊണ്ട് ആ ജീവിതമേഖലകൾ ദൈവഹിതാനുസാരം എങ്ങനെ സംവിധാനിക്കപ്പെടണമെന്നു നിർദേശിച്ചുതരുകയാണതു ചെയ്യുന്നത്. ഈ നിർദേശാനുസൃതമായി ഇസ്ലാമികജീവിതത്തിന് പ്രാവർത്തികരൂപം നൽകുക പ്രവാചകന്റെ കർത്തവ്യമായിരുന്നു. അതായത്, ഖുർആൻ അവതരിപ്പിച്ച മൗലികതത്ത്വങ്ങളെ പ്രയോഗവത്കരിച്ചുകൊണ്ട് വൈയക്തിക സ്വഭാവ-ചര്യകളുടെയും സാമൂഹിക-രാഷ്ട്രീയ സംവിധാനത്തിന്റെയും സമൂർത്തമാതൃകകൾ സമർപ്പിക്കുകയായിരുന്നു പ്രവാചകന്റെ ദൗത്യം. അതിനുവേണ്ടിയായിരുന്നു, അവിടുന്ന് നിയോഗിതനായതുതന്നെ.

## വ്യാഖ്യാനഭേദങ്ങൾ

ഖുർആനെ സംബന്ധിച്ച് പൊതുവേ ജനമനസ്സിൽ തറച്ചുനിൽക്കുന്ന മറ്റൊരു ചോദ്യമിതാണ്: ദൈവികഗ്രന്ഥത്തിന്റെ ആവിർഭാവത്തിനുശേഷം ഭിന്നിപ്പിലും കക്ഷിമാത്സര്യത്തിലും പെട്ടിരിക്കുന്നവരെയും സ്വമതത്തെ തുണ്ടംതുണ്ടമാക്കിയവരെയും ഖുർആൻ അതികഠിനായി ഭർത്സിക്കുന്നുണ്ട്; അതേസമയം, ഖുർആനിക നിയമങ്ങളുടെത്തന്നെ വ്യാഖ്യാനങ്ങളിൽ സാരമായ അഭിപ്രായഭിന്നതകൾ കാണപ്പെടുകയും ചെയ്യുന്നു. പിൽക്കാല പണ്ഡിതന്മാർക്കിടയിൽ മാത്രമല്ല, പൂർവികരായ ഇമാമുകൾക്കും താബിഈകൾക്കും ഇടയിൽത്തന്നെ, നബിയുടെ സഖാക്കൾക്കിടയിൽപ്പോലും!

ഇത്രത്തോളമെന്നാൽ, നിയമപ്രധാനമായ ഒരു സൂക്തത്തിനെങ്കിലും സർവാംഗീകൃതമായ ഒരു വ്യാഖ്യാനമുള്ളതായി കാണുന്നില്ല. അപ്പോൾ മത ഭിന്നതയെ സംബന്ധിച്ച ഖുർആനികാധിക്ഷേപം ഇവർക്കെല്ലാം ബാധക മാണോ? അല്ലെങ്കിൽ ഖുർആൻ വിരോധിച്ച കക്ഷിത്വവും ഭിന്നതയും എവ്വി ധമുള്ളതാണ്?

ഇതൊരു വിപുലമായ പ്രശ്നമാണ്. സവിസ്തര ചർച്ചക്ക് സന്ദർഭമില്ലാ ത്തതുകൊണ്ട് ഒരു സാമാന്യവായനക്കാരന്റെ സംശയനിവൃത്തിക്കാവശ്യ മായ ചില കാര്യങ്ങൾ മാത്രമേ ഇവിടെ സൂചിപ്പിക്കുന്നുള്ളൂ. ദീനിൽ യോജിച്ച വരും ഇസ്‌ലാമിക സംഘടനയിൽ ഒന്നിച്ചവരുമായിരിക്കെ, കേവലം നിയമ വിധികളുടെ വ്യാഖ്യാനങ്ങളിൽ സത്യസന്ധമായ ഗവേഷണഫലമായുണ്ടാ കാവുന്ന ആരോഗ്യകരമായ അഭിപ്രായഭിന്നതകൾക്ക് ഖുർആൻ ഒരിക്കലും എതിരല്ല. മറിച്ച് വക്രവീക്ഷണത്തിൽനിന്നുയിർകൊണ്ടതും കക്ഷിമാത്സര്യ ത്തിലേക്ക് നയിക്കുന്നതുമായ സ്വേച്ഛാ പ്രേരിതമായ ഭിന്നിപ്പിനെയാണത് ഭർത്സിക്കുന്നത്. ഈ രണ്ടുതരം ഭിന്നതകൾ അതതിന്റെ സ്വഭാവത്തിൽ വ്യത്യ സ്തമായതുപോലെ, അനന്തരഫലങ്ങളെ വിലയിരുത്തുമ്പോഴും അവതമ്മിൽ തീരെ സാമ്യതയില്ല. അതുകൊണ്ടുതന്നെ അവയെ ഒരേ മാനദണ്ഡംകൊണ്ട ളക്കാനും പാടുള്ളതല്ല. ആദ്യം പറഞ്ഞ ഭിന്നത ഉദ്ഗമനത്തിന്റെ അന്തസ്സ ത്തയും ചലനബദ്ധമായ ജീവിതത്തിന്റെ ചൈതന്യവുമാണ്. പ്രത്യുൽപന്ന മതികളും പ്രതിഭാശാലികളുമടങ്ങിയ ഏതു സമൂഹത്തിലും അതുണ്ടായി രിക്കും. ബുദ്ധിയുള്ള മനുഷ്യരുടെയല്ലാത്ത കേവലം പൊങ്ങുതടികളുടേ തായ സമൂഹം മാത്രമേ അതിൽനിന്നൊഴിവാകൂ. പക്ഷേ, അങ്ങനെയല്ല, രണ്ടാമതു പറഞ്ഞ ഭിന്നത. അത് ഏതൊരു ജനവിഭാഗത്തിൽ തലപൊക്കി യിട്ടുണ്ടെങ്കിലും അവരെ ശിഥിലമാക്കിക്കളഞ്ഞിട്ടുണ്ട്. അത്തരം ഭിന്നതകൾ ആരോഗ്യത്തിന്റെ ലക്ഷണമല്ല; രോഗലക്ഷണമാണ്. അതിന്റെ പ്രത്യാഘാ തങ്ങൾ ഒരു സമുദായത്തിനും ഗുണപ്രദമായിരിക്കുകയുമില്ല. ഈ ദ്വിവിധ മായ ഭിന്നതകളുടെ അന്തരം വ്യക്തമായി മനസ്സിലാക്കപ്പെടേണ്ടതാണ്.

### ഭിന്നത രണ്ടുവിധം

ഈ വിഷയകമായി സംഭവ്യമായ രണ്ടു രൂപങ്ങളിൽ ഒന്ന് ഇതാണ്: ദൈവ ത്തിനും ദൈവദൂതനുമുള്ള അനുസരണത്തിൽ സമുദായാംഗങ്ങളെല്ലാം ഏകാഭിപ്രായക്കാരായിരിക്കുന്നു; നിയമങ്ങൾക്ക് അടിസ്ഥാനങ്ങളായി ഖുർആനും സുന്നത്തും സർവസമ്മതമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. അനന്തരം, ഏതെങ്കിലുമൊരു ശാഖാപ്രശ്നത്തിന്റെ പഠനനിരീക്ഷണത്തിൽ രണ്ടു പണ്ഡിതന്മാർ-അഥവാ, ഒരു കേസിന്റെ വിധിയിൽ രണ്ടു ന്യായാധിപ ന്മാർ-പരസ്പരം വിയോജിക്കുന്നു; പക്ഷേ, ഇവരിലൊരാളുംതന്നെ ആ പ്രശ്നത്തെയും തത്സംബന്ധമായ തന്റെ അഭിപ്രായത്തെയും ദീനിന്റെ അടി സ്ഥാനമായി വ്യാഖ്യാനിക്കുകയോ തന്നോട് വിയോജിക്കുന്നവർ ദീനിൽ നിന്ന് പുറത്താണെന്ന് ധരിക്കുകയോ ചെയ്യുന്നില്ല. രണ്ടുപേരും അവനവന്റെ തെളിവുകൾ സമർപ്പിച്ചുകൊണ്ട് തങ്ങളെ സംബന്ധിച്ചേടത്തോളം ഗവേഷ

ണബാധ്യത നിറവേറ്റുന്നു എന്നുമാത്രം. രണ്ടിൽ ഏതഭിപ്രായം സ്വീകരിക്കണം. അഥവാ രണ്ടും സ്വീകാര്യമാണോ എന്ന പ്രശ്നം പൊതുജനഹിതത്തിന്- കോടതിക്കാര്യമാണെങ്കിൽ നാട്ടിലെ അന്തിമനീതിപീഠത്തിനും സാമൂഹികപ്രശ്നമാണെങ്കിൽ സംഘടനക്കും-വിട്ടുകൊടുക്കുകയും ചെയ്യുന്നു.

ദീനിന്റെ അടിസ്ഥാനങ്ങളിൽത്തന്നെ അഭിപ്രായഭിന്നത പ്രകടമാക്കുകയത്രേ രണ്ടാമത്തെ രൂപം. അല്ലെങ്കിൽ, അല്ലാഹുവും റസൂലും ദീനിന്റെ അടിസ്ഥാനമായി അംഗീകരിച്ചിട്ടില്ലാത്ത ഒരു പ്രശ്നത്തിൽ ഏതെങ്കിലും 'ആലി'മോ 'സൂഫി'യോ 'മുഫ്തി'യോ 'മുതവല്ലി'യോ 'ലീഡറോ' ഒരഭിപ്രായം സ്വീകരിക്കുന്നു. അതിനെ അനാവശ്യമായി വലിച്ചുനീട്ടി ദീനിന്റെ മൗലികപ്രശ്നമാക്കുന്നു. അതിലദ്ദേഹത്തോട് വിയോജിക്കുന്നവരെ മതഭ്രഷ്ടരും സമുദായഭ്രഷ്ടരുമായി മുദ്രകുത്തുകയും തന്നോട് കൂറുള്ളവരുടെ ഒരു സംഘം രൂപവത്കരിച്ച്, ഇവരാണ് സാക്ഷാൽ മുസ്‌ലിം സമുദായമെന്നും മറ്റുള്ളവരെല്ലാം നരകപാപികളാണെന്നും വാദിക്കുകയും, മുസ്‌ലിമാണെങ്കിൽ ഈ സംഘത്തിൽ വന്നുകൊള്ളണമെന്നും അല്ലാത്തവരൊന്നും മുസ്‌ലിമല്ലെന്നും ഘോഷിക്കുകയും ചെയ്യുക!

എവിടെയൊക്കെ ഖുർആൻ ഭിന്നതയെയും കക്ഷിമാത്സര്യത്തെയും എതിർത്തിട്ടുണ്ടോ അവിടെയൊക്കെ ഈ രണ്ടാമത്തെ ഭിന്നതയാണുദ്ദേശിച്ചിട്ടുള്ളത്. ആദ്യം പറഞ്ഞതരം ഭിന്നതകളാകട്ടെ- നബിതിരുമേനിയുടെ സന്നിധിയിൽത്തന്നെ അതിന്റെ ഒട്ടേറെ ഉദാഹരണങ്ങൾ വന്നിരുന്നതാണ്- തിരുമേനി അതിനെ അനുവദിക്കുകയുണ്ടായെന്നു മാത്രമല്ല അനുമോദിക്കുകകൂടിചെയ്തു. കാരണം, സമുദായത്തിൽ ചിന്താശക്തിയും ഗവേഷണതൃഷ്ണയും പഠനപാടവവും ഉണ്ടെന്നാണത് കുറിക്കുന്നത്. സമുദായത്തിലെ ബുദ്ധിജീവികൾക്ക് തങ്ങളുടെ ദീനിലും ദീനിന്റെ നിയമങ്ങളിലും താൽപര്യമുണ്ടെന്ന് അത് തെളിയിക്കുന്നു. ജീവിതപ്രശ്നങ്ങളുടെ പരിഹാരം ദീനിനകത്തുതന്നെ കണ്ടെത്താൻ അവരുടെ ബുദ്ധിശക്തി ശ്രമിക്കുന്നതിന്റെ ലക്ഷണമാണത്. അങ്ങനെ, അടിസ്ഥാനങ്ങളിൽ യോജിക്കുകവഴി സമുദായത്തിന്റെ ഏകീഭാവം നിലനിർത്തുകയും അതേസമയം ന്യായമായ പരിധിക്കുള്ളിൽ പണ്ഡിതന്മാർക്കും ചിന്തകൻമാർക്കും ഗവേഷണസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് പുരോഗതിക്കുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക എന്ന വിലപ്പെട്ട തത്ത്വം സമുദായം പൊതുവെ അംഗീകരിക്കുന്നു. ഇതത്രേ ശരിയായ മാർഗം!

# ഖുർആൻ പഠനത്തിന് ഒരു മുഖവുര

**അബുൽഅഅ്ലാ മൗദൂദി**

അബുൽഅഅ്ലാ മൗദൂദി തന്റെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥമായ തഫ്ഹീമുൽ ഖുർആനിനെഴുതിയ പ്രൗഢമായ ആമുഖം. ഖുർആൻ പഠിതാവ് അനിവാര്യമായും അറിഞ്ഞിരിക്കേണ്ട മൗലിക കാര്യങ്ങളുടെ വിശകലനം. ഖുർആനിന്റെ ആഴങ്ങളിലിറങ്ങാൻ വഴികാണിക്കുന്ന ഈ കൃതി ഒട്ടേറെ സംശയങ്ങൾക്ക് നിവാരണം നൽകുന്നു.

QPO

വില: 18.00

ISBN 81-8271-422-2

**ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്**

കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ, മലപ്പുറം